# നൂറും പാലും

(ഇടമനക്കാവ് ചരിത്രവും ഐതീഹ്യവും)



ഇടമനക്കാവ് ശ്രീ നാഗരാജ അർദ്ധനാരീശ്വര
ക്ഷേത്ര സംരക്ഷണ സമിതി
ആറാട്ടുപുഴ, പട്ടാഴി



# നൂറും പാലും

## (ഇടമനക്കാവ് ചരിത്രവും ഐതീഹ്യവും)

ഇടമനക്കാവ് ശ്രീ നാഗരാജ അർദ്ധനാരീശ്വര
ക്ഷേത്ര സംരക്ഷണ സമിതി
ആറാട്ടുപുഴ, പട്ടാഴി

# നൂറും പാലും

(ഇടമനക്കാവ് ചരിത്രവും ഐതീഹ്യവും)


പ്രസാധകർ : ഇടമനക്കാവ് ശ്രീനാഗരാജ- അർദ്ധനാരീശ്വര ക്ഷേത്ര സംരക്ഷണ സമിതി, ആറാട്ടുപുഴ, പട്ടാഴി, കൊല്ലം ജില്ല, കേരളം
രജി. നമ്പർ ക്യു. 203/2003

ഗ്രന്ഥ കർത്താവ് : കെ.വി. ഇറവങ്കര

ഒന്നാം പതിപ്പ് : 2011

അച്ചടി : ശ്രീഭദ്രാ പ്രിന്റേഴ്സ്, പട്ടാഴി 2398224.



പകർപ്പ് അവകാശം : ഇടമനക്കാവ് ക്ഷേത്രസംരക്ഷണ സമിതി, ആറാട്ടുപുഴ, പട്ടാഴി






# <u>പ്രസാധകക്കുറിപ്പ്</u>

ഭക്തജനങ്ങളെ,

ക്ഷേത്രങ്ങൾ നാടിന്റെ ചൈതന്യകേന്ദ്രങ്ങളാണ്.ക്ഷേത്രത്തിൽ കുടികൊള്ളുന്ന ഈശ്വരചൈതന്യം നാടിനും നാട്ടാർക്കും സർവ്വൈശ്വര്യങ്ങളും പ്രദാനം ചെയ്ത് ആപത്തുകളിൽ നിന്നും കാത്തുരക്ഷിക്കുമെന്നാണ് ഹൈന്ദവ വിശ്വാസം. ക്ഷേത്ര ചൈതന്യം വർദ്ധിക്കുന്നതനുസരിച്ച് നാടിന്റെ ചൈതന്യവും വർദ്ധിക്കുന്നു. വിദേശ അക്രമണകാരികൾ ഭാരതത്തിലെമ്പാടും ക്ഷേത്ര ധ്വംസനങ്ങൾ നടത്തിയതിന്റെ ഒരു കാരണം ഈനാടിന്റെ ചൈതന്യവും സംസ്ക്കാരവും നശിപ്പിക്കുക എന്നതായിരുന്നു. ക്ഷേത്രങ്ങളുടെ തകർച്ച നമ്മുടെ നാടിന്റെ തകർച്ചയ്ക്കും കാരണമായി. പ്രഭാവപൂർണ്ണമായിരുന്ന ഭൂതകാലം ഏവരും വിസ്മരിച്ചു.

ഭൂതകാലത്തെക്കുറിച്ച് ബോധമില്ലാത്തവർക്ക് ഭാവിയും ശോഭനമക്കാൻ സാധിക്കുകയില്ലായെന്നാണ് ആചാര്യമതവും വാസ്തവവും. രാഷ്ട്രത്തിന്റെ ഭൂതകാല വൈഭവത്തിലും പാരമ്പര്യത്തിലും ആർഷസംസ്കൃതിയിലും അഭിമാനംകൊള്ളുന്ന ഹൈന്ദവ ജനത ഉണർന്നെണീറ്റപ്പോൾ കുറേക്കാലം യാതനാപൂർണ്ണമായിരുന്ന നമ്മുടെ നാടിന്റെ ചൈതന്യരഹിതമായ അവസ്ഥ മാറാൻതുടങ്ങി. ഹിന്ദുവിന് നഷ്ടപ്പെട്ട ക്ഷേത്രങ്ങൾ ഓരോന്നിലും പുനരുദ്ധാരണത്തിന്റെ ശംഖൊലിമുഴങ്ങി. ചരിത്രത്തിന്റെ തെളിവുകൾ ക്ഷേത്രസംരക്ഷണത്തിന് മുതൽക്കൂട്ടായി. സംഘടിത ഹിന്ദുവിന്റെ ആത്മസമർപ്പണത്തിന്റെ ഫലമായി രാഷ്ട്രത്തിന്റെ പ്രാണനായിരുന്ന ക്ഷേത്രങ്ങൾ പൂർവ്വകാല പ്രൗഢിയോടെ പുനരുദ്ധരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

ഒരുകാലത്ത് പട്ടാഴി ആറാട്ടുപുഴ പ്രദേശത്തിന്റെ ചൈതന്യകേന്ദ്രമായിരുന്ന ഇടമനക്കാവ് ക്ഷേത്ര സങ്കേതം കാലക്രമേണ അനാഥമാവുകയും, ക്ഷേത്രചൈതന്യം നഷ്ടപ്പെട്ടതിന്റെ ഫലമായി നമ്മുടെ പ്രദേശം അനവധി കഷ്ടതകൾ അനുഭവിക്കുന്നതിനുമിടയായി. ഇടമനക്കാവിന്റെ വൈഭവപൂർണ്ണമായ ഭൂതകാലം വർഷങ്ങളോളം വിസ്മൃതിയിലാണ്ടുകിടന്നു. കാലങ്ങൾക്ക് ശേഷം ക്യു.203/2003 ആയി രജിസ്റ്റർ ചെയ്ത ക്ഷേത്രഭരണ സമിതിയാണ് ഇടമനക്കാവിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. ഇടമനക്കാവിന്റെ വിസ്മൃതിയിലായ ഭൂതകാലവും തുടർചരിത്രങ്ങളും സമാഹരിച്ച് ഭക്തജനങ്ങൾക്കുമുന്നിൽ സമർപ്പിക്കണമെന്ന് ക്ഷേത്ര ഭരണസമിതി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രചരിത്രം സമാഹരിച്ച് പൂർത്തിയാക്കാൻ ശ്രീ. കെ.വി. ഇറവങ്കര അവർകളെ സമീപിക്കുകയും അദ്ദേഹം ആ ദൗത്യം ഏറ്റെടുക്കുകയും ചെയ്തു. നിരവധി പണ്ഡിത <u>ശ്രേഷ്ട</u>ന്മാർ, ജ്യോതിഷർ, കാരണവന്മാർ എന്നിവരോടൊക്കെ ചർച്ച നടത്തിയും തെളിവുകൾ ശേഖരിച്ചും മാസങ്ങൾ നീണ്ട സാധനയുടെ ഫലമായി ഇടമനക്കാവിന്റെ ചരിത്രരചന പൂർത്തിയാക്കി. നമ്മുടെ നാടിന്റെ ചൈതന്യ മൂർത്തികളായ ഇടമനദൈവങ്ങളുടെ ആവാസഭൂമിയായ ഇടമനക്കാവിന്റെ ചരിത്രം **"നൂറുംപാലും"** നമുക്കും വരും തലമുറകൾക്കും അറിവിലേയ്ക്കായി ഭക്തിപുരസ്സരം സമർപ്പിക്കുന്നു.

**ഇടമനക്കാവ് ശ്രീനാഗരാജ അർദ്ധനാരീശ്വ ക്ഷേത്ര**
**സംരക്ഷണ സമിതി**

ആറാട്ടുപുഴ,

11-1-2011





## അവതാരിക

**ഓം**

ചെങ്ങന്നൂർദേശത്തെ ഒരു ഉന്നത ബ്രാഹ്മണ കുടുംബമാണ് ഇടമനഇല്ലം. തെക്കൻ കേരളത്തിൽ ഇന്ന് നാം കണുന്ന പ്രാചീന ക്ഷേത്രങ്ങൾ പലതും ഈ ഇല്ലത്തിന്റെ അധീനതയിലുള്ളതാണ്. ക്ഷേത്രപ്രവേശന വിളംബരത്തോടുകൂടി എല്ലാ ക്ഷേത്രങ്ങളും കാവുകളും ഭൂസ്വത്തുക്കളും കൈവെടിഞ്ഞു സ്വദേശത്തേയ്ക്കു മടങ്ങുകയായിരുന്നു ആ ഇല്ലക്കാർ.

ആ ഇല്ലത്തിന്റെ അധീനതയിലുള്ളതായിരുന്നു ഇന്ന് നാം കാണുന്ന ഇടമനക്കാവ്. ഏറെക്കാലം അനാഥമായിക്കിടന്ന ഈ സ്ഥലം നന്മ നിറഞ്ഞ കുറേ ജനങ്ങൾ കഠിനത്യാഗം ചെയ്തതിന്റെ ഫലമാണ് ഇന്നു കാണുന്ന പരിവർത്തനങ്ങൾ.

മനുഷ്യരാശിക്ക് നിദാന്തമായി അനുഭവപ്പെട്ട പല അനുഭവത്തിന്റേയും തണലിലാണ് ദേവപ്രശ്നവും പ്രതിഷ്ഠകളും ഇന്ന് നടക്കുന്ന ധ്വജ പ്രതിഷ്ഠയും ഉണ്ടായത്.

അന്യാധീനപ്പെട്ടുകിടന്ന ഈ കാവിന്റെ പരിസരപ്രദേശം ദേവഹിതത്തിൽ താന്ത്രികകർമ്മങ്ങളാൽ ഖനനാദിക്രിയകൾ തൊട്ട് ധ്വജ പ്രതിഷ്ഠകൾ വരെ ചെയ്യാനും പഞ്ചപ്രാസാദങ്ങൾ ഉണ്ടാക്കാനും ഈശ്വരനു വേണ്ടി ജീവത്യാഗം ചെയ്ത സന്മനസ്സുള്ള സംഘാട കർക്കും എല്ലാവിധമായ സഹായങ്ങളും ദൈനംദിനം ചെയ്തുകൊണ്ടിരിക്കുന്ന സന്മനസ്സുള്ള ഭക്തജന ങ്ങൾക്കും എല്ലാവിധ നന്മകളും നേരുകയും ഇവിടെ കുടികൊള്ളുന്ന ദേവചൈതന്യങ്ങൾക്കും എല്ലാ വിധമയ ഭാവുകങ്ങളും നേർന്നു കൊള്ളുന്നു.

എന്ന് സവിനയം

**ഇടമനക്കാവ് ദേവസ്വം തന്ത്രി**
നാരായണര് കൃഷ്ണര്

വെട്ടിക്കവല,
11.01.2011.



അർദ്ധനാരീശ്വരൻ ദേവൻ ദിവ്യരൂപം തൊഴുന്നേൻ
ആശ്രിതവത്സലനാകും  ഭഗവാനേ തൊഴുന്നേൻ
ഇണ്ടലെല്ലാമകറ്റുന്ന പരാശക്തിയെ തൊഴുന്നേൻ
ഈശ്വരിതൻ ശക്തിചേരും കരയുഗ്മം തൊഴുന്നേൻ
ഉമാമഹേശ്വരപാദം ഉണർവോടെ തൊഴുന്നേൻ
മൃത്യുഞ്ജയമഹാമന്ത്രം ഉരുവിട്ടു തൊഴുന്നേൻ
ചന്ദ്രക്കലയണിയുന്ന തിരുജട തൊഴുന്നേൻ
ഗംഗാമാതാമരുവുന്ന ജടാഭാരം തൊഴുന്നേൻ
കാമദേവനെയെരിച്ച  തിടിലക്കണ്‍  തൊഴുന്നേൻ
ഭാനു  ചന്ദ്രന്മാരാകുന്ന നയനങ്ങൾ തൊഴുന്നേൻ
പുഞ്ചിരിപ്പുവിടരുന്ന ചെഞ്ചുണ്ടു കൈ തൊഴുന്നേൻ
നാഗരത്നപ്രഭ  ചേർന്നു കുണ്ഡലങ്ങൾ തൊഴുന്നേൻ
കാളകുടം തങ്ങിനില്ക്കും നീലകണ്ഠം തൊഴുന്നേൻ
നാഗമാലയണിയുന്ന തിരുമാറു തൊഴുന്നേൻ
പുലിത്തോലുധരിച്ചുള്ള തനുകാന്തി തൊഴുന്നേൻ
താണ്ഡവനൃത്തമാടുന്ന നടരാജം ! തൊഴുന്നേൻ
നരൻപാതി നാരിപാതി  ഭാവദീപ്തി തൊഴുന്നേൻ
പാപശാന്തിയരുളുന്നപാദപത്മം തൊഴുന്നേൻ
ഏകദന്തനായിടുന്നഗണേശനെ തൊഴുന്നേൻ
ഐങ്കരന്റെ അകതാരുതെളിയുവാൻ തൊഴുന്നേൻ
ക്ലേശഹരനായിമേവും കാർത്തികേയനെ തൊഴുന്നേൻ
ഷഷ്ഠിവ്രതമാചരിച്ചു നിഷ്ഠയോടെ തൊഴുന്നേൻ
ഇടമനക്കാവിൽമേവും നാഗരാജനെ തൊഴുന്നേൻ
ഈഷലകറ്റീടുന്നൊരു നാഗയക്ഷിയെ തൊഴുന്നേൻ
ആയില്യംനാൾ നൂറും പാലും സമർപ്പിച്ചു തൊഴുന്നേൻ
ആയുരാരോഗ്യം നൽകാൻ ചിത്രകൂടം തൊഴുന്നേൻ

സ്വയംവര ഭാഗ്യദീപം തെളിയുവാൻ മന്ത്ര തന്ത്രം
സ്വരൂപിച്ചനുഗ്രഹിക്കും ഭഗവാനെ തൊഴുന്നേൻ
വില്വദലമാല ചാർത്തും വിമലാംഗം തൊഴുന്നേൻ
വിശ്വമെല്ലാം പാലിച്ചീടും ശിവസ്വാമീ തൊഴുന്നേൻ

നിബിഡവനത്തിന്റെ നാടായിട്ടാണ്, പണ്ട് പത്തനാപുരം താലൂക്ക് അറിയപ്പെട്ടിരുന്നത്. എന്നാൽ അതിന്റെ പടിഞ്ഞാറെ അറ്റത്തുള്ള പട്ടാഴിഗ്രാമം അന്നും ജനവാസകേന്ദ്രമായിരുന്നു. പ്രകൃതിയുടെ ആനുകൂല്യം ഇതുപോലെ ലഭ്യമായഗ്രാമം വളരെക്കുറച്ചു മാത്രമേയുള്ളു. ഉയർന്ന കുന്നുകൾ അവിടവിടെ ഉണ്ടെങ്കിലും വാസയോഗ്യമായ സമതലം ഇവിടെ ധാരാളമാണ്. ജലവിഭവവുമായി പട്ടാഴിയുടെ വിരിമാറിലൂടെ നദി ഒഴുകുന്നു. പഴയ ഇളയിടത്ത് സ്വരൂപത്തിന്റെ അധീശത്വം ഇവിടെ നിലനിന്നു. ഒപ്പം ജന്മിമാരുടെ സാന്നിദ്ധ്യവും. വിശ്വപ്രസിദ്ധിയാർജ്ജിച്ച പട്ടാഴി ദേവി ക്ഷേത്രമാണ് ഇന്നത്തെ പട്ടാഴി ദേശത്തിന്റെ രക്ഷാകവചം. നാടിന്റെ വിവിധ ഭാഗങ്ങളിൽ ജന്മിമാരുടെ ഊരാൺമ അവകാശത്തിലുള്ള മറ്റ് ക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. അകവൂർ മനക്കാരുടെ പൂക്കുന്നിൽ വിഷ്ണു ക്ഷേത്രം, തെങ്ങമൺമഠം വക രാജേശ്വരി ക്ഷേത്രം, കിഴക്ക് ഭാഗത്ത് മഠത്തിന്റെ മെതുകുമ്മേൽ മഹാവിഷ്ണു ദേവാലയം, മായപ്പെള്ളി മഠത്തിന്റെ കേരളമംഗലം ക്ഷേത്രം, ഇടമനമഠം വക ആറാട്ടുപുഴ നാഗരാജാലയം കാവ് എല്ലാം അന്നത്തെ ആരാധന കേന്ദ്രങ്ങളായി നിലനിന്നു. കാലപ്രവാഹത്തിൽപെട്ട് ജന്മിത്വം നാശോന്മുഖമായപ്പോൾ, പട്ടാഴി ദേവീ ക്ഷേത്രം





ഒഴിച്ചുള്ള ആരാധനാലയങ്ങൾ ആളനക്കമില്ലാതെ വിളക്കും പൂജയും ഇല്ലാതെ അന്ധകാരമയമായ അധഃപതനത്തിലേക്ക് കൂപ്പുകുത്തി. അവിട വിടെയുള്ളദേശസ്നേഹികളുടെ ദൈവവിശ്വാസ ത്തിലൂടെ കരിന്തിരി കത്തി നിലംപൊത്തിയ ക്ഷേത്രങ്ങളിൽ നെയ്യ്തിരികൾ കത്തി തുടങ്ങി. മന്ത്രസിദ്ധിയിലൂടെ ദേവസ്ഥാനങ്ങളെല്ലാം പ്രകാശ ചാരുത കൈവരിച്ച്, ഭക്തിസാന്ദ്രതയിൽ എത്തി കൊണ്ടിരിക്കുകയാണിപ്പോൾ.

ഉപാസനകളിൽ കൂടി ആത്മശക്തി വീണ്ടെ ടുത്ത് ഹൈന്ദവ സംസ്കാരത്തിന്റെ പൂർണ്ണതേജ സ്സോടുകൂടി വളർന്നിരിക്കുന്ന ക്ഷേത്ര സമുച്ചയമാണ് ആറാട്ടുപുഴ ഇടമനക്കാവ് നാഗരാജ അർദ്ധനാരീശ്വര സന്നിധാനം. ആറാട്ടുപുഴ സ്ഥലനാമം തന്നെ ക്ഷേത്ര ആചാരവുമായി ബന്ധമുള്ളതാണല്ലോ. കല്ലടയാറിന്റെ നീരൊഴുക്കിൽ ദേവാലയപവിത്ര ചടങ്ങായ ആറാട്ട് മുമ്പ് എപ്പോഴോ ഈ സ്ഥാനത്ത് നടന്നിരിക്കണം അങ്ങിനെയാണ് ഇവിടെ ആറാട്ടുപുഴ ആയത്. പ്രാചീന കാലഘട്ടത്തിൽ ആറാട്ടുപുഴ ഇടമനക്കാവ് നട്ടുച്ചയ്ക്ക് പോലും വെയിലിന് കടന്നുവരാൻ സാധിക്കാത്ത വൻ വൃക്ഷങ്ങളും അവയെ ചുറ്റിപ്പറ്റി കിടക്കുന്ന വള്ളിപ്പടർപ്പുകളും എല്ലാം ഉള്ള പ്രകൃതിരമണീയ സ്ഥാനമായിരുന്നു. അത്തിയും പാതിരിയും പാലയും പനയും മരോട്ടിയും കാഞ്ഞിരവും ഇലഞ്ഞിയും വാകയും കൂവളവും എല്ലാം ഹരിതാഭ നിലനിർത്തി ഇവിടെ നിവർന്ന് നിന്നിരുന്നു. കാവിന്റെ

നടുവിൽ കാവലായി, ഒന്നു പോയാൽ മറ്റൊന്നായി ഒരു മുട് പനമരം കാണാൻ കഴിയുന്നതും ഒരു പ്രത്യേകയാണ് ഇന്നും. പനയ്ക്ക് പാരമ്പര്യവിശ്വാവസ പരിവേഷവും ഉണ്ട്. ജലം നിറഞ്ഞ് കിടിക്കുന്ന കുളവും കിണറും എല്ലാം ഇടമനക്കാവിൽ ഉണ്ടായിരുന്നതായി അവിടെയുള്ള അവശിഷ്ടങ്ങൾ അറിയിക്കുന്നു. കാവിന്റെ മദ്ധ്യത്തിൽ ശിൽപി തന്ത്രത്തിന്റെ ബാക്കി രൂപങ്ങളായ ശിലാപാളികളും ഇപ്പോഴും കാണാവുന്നതാണ്. പഴമക്കാലത്തെ ഈ സ്ഥലം ചെങ്ങന്നൂർ ഗ്രാമത്തിലെ പ്രമുഖ പൂജാരി കുടുംബമായ ഇടമനമഠത്തിന്റെ അധീനതയിൽ ആയിരുന്നു എന്നതിനും നാട്ടറിവും ചരിത്രങ്ങളും ഉണ്ട്. പെരുന്ന സുബ്രഹ്മണ്യസ്വാമി, ചെങ്ങന്നൂർ മഹാദേവസ്ഥാനം, ഏറ്റുമാനൂർ, വെളിനല്ലൂർ തുടങ്ങിയ മഹാക്ഷേത്ര ങ്ങളുടെ കാരൺമാവകാശവും പണ്ട് ഇടമനമഠത്തിന് നിക്ഷിപ്തമായിരുന്നു. കേരള കരയിൽ ഇടമനമഠത്തിന് പലയിടങ്ങളിലും ഭൂസ്വത്തുക്കളും അനുബന്ധമായി ആരാധന സ്ഥാനങ്ങളും ഉണ്ടായിരുന്നതായി ചരിത്ര രേഖകൾ സമർത്ഥിക്കുന്നു. മഠം വകനാഗ ആരാധന സ്ഥാനമായിരുന്നു കല്ലടയാറിന്റെ സമീപത്തുള്ള ഇടമനക്കാവ്. പ്രകൃതിയുടെ അംഗവിഭാഗങ്ങളായ മല നദി, മരങ്ങൾ, നാഗങ്ങൾ എല്ലാം ആരാധന പാത്രങ്ങളാണല്ലോ ഹിന്ദുമത വിശ്വാസികൾക്ക്. സാമുഹ്യജീവിയായ മനുഷ്യൻ തന്റെ അനുഭവങ്ങൾക്ക് അപാകത സംഭവിക്കുമ്പോൾ അദൃശ്യ ശക്തിയായ ഈശ്വരന്റെ ദൃശ്യരൂപങ്ങൾ സാക്ഷാത്കരിച്ച് അഭയസ്ഥാനം സങ്കൽപിച്ച് ആരാധിക്കുക സ്വാഭാവികം





തന്നെ. ഇടമനക്കാവ് സന്നിധാനവും നാശത്തിന്റെ നിസംഗഘട്ടം തരണം ചെയ്ത് പുനരുദ്ധാരണത്തിൽ എത്തിയതും ഈ വിധത്തിൽ ആണ്. അത്യത്ഭുത പരിവേഷമുള്ള പല കാര്യങ്ങളും ഈ ക്ഷേത്ര നിർമ്മാണപുരോഗതിയുമായി ബന്ധപ്പെടുത്തി വിശദമാക്കാൻ ഉണ്ട്. ഇടക്കടവ് പാലം രൂപപ്പെട്ടതോടു കൂടി വെറും ഒരു കിലോമീറ്റർ താഴെയുള്ള ആറാട്ടുപുഴ കടവിലെ പോക്കുവരത്ത് മാർഗ്ഗരേഖ അടഞ്ഞ അദ്ധ്യായമായി മാറി. ആറാട്ടുപുഴ നിവാസികളുടെ ചിരകാലസ്വപ്നമായിരുന്നു ആറാട്ടുപുഴ കടവിലെ പാലം. ഇടമനക്കാവിൽ പ്രതിഷ്ഠാകർമ്മം നടന്നു കഴിഞ്ഞപ്പോൾ പാലത്തിന് വേണ്ടിയുള്ള നിവേദനം അധികാര സ്ഥാനങ്ങളിൽ പരിഗണനാർഹമായി. ബന്ധപ്പെട്ടവർ അത് തങ്ങളുടെ സുപ്രധാന നിയോഗം ആയി ഏറ്റെടുക്കുകയും പാലം സാക്ഷാത്കരിക്കുകയും നാടിന്റെ ചൈതന്യം പ്രകാശപൂർണ്ണ മാകുകയും ചെയ്തു എന്നത് പ്രത്യക്ഷമായ അനുഭവ സത്യം തന്നെ.

നാഗാരാധന സന്നിധാനം എന്ന നിലയിൽ ആണല്ലോ ഇടമനക്കാവിനെ പ്രമുഖ്യം ലഭിച്ചത്. സത്യത്തിന്റെ പ്രത്യക്ഷ ദൈവങ്ങളാണ് നാഗ ദേവതകൾ എന്ന് അനുഭവത്തിൽ കൂടി നാം വിലയിരുത്തുന്നുണ്ട്. കേരളത്തിന് രൂപം നൽകിയ പരശുരാമൻ തുടർന്ന് പലരേയും കുടി പാർപ്പിച്ചു. കേരള മണ്ണ് കാടുകളുടെ സംഗമസ്ഥാനം ആയിരുന്നു. താമസം തുടങ്ങിയവർക്ക് പാമ്പു ഭയം മൂലം

ഇരിക്കപ്പൊറുതി ഇല്ലാതായി. പരാതിയുമായി അവർ പരശുരാമനെ സമീപിച്ചു. ബ്രഹ്മനിർദ്ദേശം അനുസരിച്ച് പരശുരാമൻ വീടുകൾക്ക് അടുത്ത് കാവുകൾ രൂപകൽപ്പന ചെയ്ത് സത്വനിർമ്മല നിരുപദ്രവ ജീവുകളെ കുടി ഇരുത്തി ആരാധന നടത്താനുള്ള നിർദ്ദേശ നിയമങ്ങൾ ഉപദേശിച്ചു കൊടുത്തു. സർപ്പകാവുകളുടെ സാന്നിദ്ധ്യം ഉണ്ടായത് അങ്ങിനെയാണെന്ന് പുരാണേതിഹാസങ്ങൾ സമർത്ഥിക്കുന്നു. "കാവും, കുളവും തീണ്ടല്ലെ മക്കളെ" എന്ന് മുത്തശ്ശിമാർ പറഞ്ഞ് ഉപദേശിച്ചിരുന്നതും പ്രസക്തം.

കാലപ്രവാഹത്തിൽ കാൽ വഴുതി വീണ് നാശത്തിന്റെ പുറംപോക്കിലെത്തി നിലകൊണ്ടിരുന്ന ഇടമനക്കാവ് നാഗരാജ കേന്ദ്രത്തിൽ ദേശസ്നേഹത്താൽ പ്രചോദിതമായി പ്രവർത്തിക്കുന്ന രാഷ്ട്രീയ സ്വയംസേവക് സംഘത്തിന്റെ ശാഖാ പ്രവർത്തനം തുടങ്ങുകയും ക്ഷേത്രാങ്കണത്തിൽ പണ്ടുണ്ടായിരുന്ന ആത്മപ്രകാശം പുനഃസ്ഥാപിക്കാൻ സംഘസ്ഥാനിൽ ഒത്തുകൂടിയ സ്വയംസേവകർ ചിന്തിക്കുകയും ആവേശപൂർവ്വം കർമ്മനിരതരായി മുന്നോട്ടുവന്നു വരികയും ചെയ്തു .

ഇവിടെ ദൈവസാന്നിദ്ധ്യ നിജസ്ഥിതി, എങ്ങിനെ ആയിരുന്നു, ഏതെല്ലാം ദേവതകളുടെ അധിവാസമുണ്ടായിരുന്നു, ആരാധന ക്രമങ്ങൾ എന്തൊക്കെ ആയിരുന്നു, വിളക്കും പൂജയും ഇല്ലാതെ അധഃപതിക്കാൻ കാരണം എന്താണ്, നിലവിലെ പ്രകാര രീതികളും ഭാവിയിൽ സ്വീകരിക്കേണ്ട ആചാര





അനുഷ്ഠാനങ്ങളും എന്തൊക്കെ, എല്ലാം വേർതിരിച്ചറിയാനും പരിഹാരം കാണാനും ഇനി ഒറ്റ മാർഗ്ഗമെയുള്ളൂ. 'ജ്യോതിഷ അചാര്യൻമാരെ സ്ഥലത്ത് വരുത്തി അഷ്ഠമഗല ദേവപ്രശ്നം നടത്തുക'. ദൈവവിചാരവും സന്മാർഗ നിഷ്ഠയും ഉള്ള നാട്ടുകാരെ വിവരം അറിയിച്ച് അതിനായി തയ്യാറാക്കിയ ഭാഗത്ത് വെച്ച് പ്രശ്നം നടത്തുന്നതിന് തീരുമാനിച്ചു.

1999 ഡിസംബർ മാസം 6-ാം തീയ്യതി സുപ്രസിദ്ധ ദൈവജ്ഞനായ ശ്രീവവ്വാക്കാവ് സുബ്രഹ്മണ്യത്തിന്റെ മുഖ്യ കാർമ്മികത്വത്തിൽ ദേവപ്രശ്നം ആരംഭിച്ചു. നിഗൂഢങ്ങളായ നിരവധി ചരിത്രങ്ങളുടെ സത്യാവസ്ഥ ഗ്രഹിക്കാൻ ഇടയായി പ്രശ്നത്തിന്റെ പ്രസക്തഭാഗം ഇവിടെ ചേർക്കുകയാണ്. പൃഛാദി (പ്രശ്നത്തിന്റെ സ്വരൂപം) പ്രശ്നക്രിയാന്തം ചിന്തിച്ചതിൽ പട്ടാഴി ആറാട്ടുപുഴ ഇടമനക്കാവ് ക്ഷേത്രത്തിൽ ശ്രീ നാഗരജാവ് നാഗയക്ഷി ഇവയെ പ്രധാനമാക്കി പ്രതിഷ്ഠിച്ച് ആരാധിച്ചു വരുന്നു. ഈ ക്ഷേത്രത്തിന് വളരെ പുരാതനത്വം തെളിയുന്നു. അർദ്ധ നാരീശ്വരൻമാരുടെ സ്വയംഭൂ സാന്നദ്ധ്യം (സ്വയംഭൂ എന്നാൽ രൂപം കാണാൻ കഴിയാത്ത സ്വയം അവതരിച്ച ദേവ ചൈതന്യം) പ്രകാശിച്ചിരുന്നു. 601 വർഷങ്ങൾക്ക് മുൻപ്, കൊട്ടാരക്കര രാജാവ് വൈദീക കർമ്മങ്ങൾക്കായി ഉത്തരദിക്കിൽ നിന്ന് ശ്രേഷ്ഠ ബ്രാഹ്മണരെ വരുത്തി ഈ ക്ഷേത്രവും പ്രദേശവും ദാനം ചെയ്ത് താമസ സൗകര്യങ്ങളും ആരാധ



നാലയങ്ങളും ഉണ്ടാക്കുന്നതിന് സൗകര്യപ്പെടുത്തുകയും ആ ബ്രാഹ്മണരുടെ അഭിവൃദ്ധിക്ക് വേണ്ടി ഇവിടെ സർപ്പങ്ങളെ പ്രതിഷ്ഠിച്ചിട്ടുള്ളതും ആകുന്നു. ബ്രാഹ്മണരുടെ അപചാരങ്ങളാൽ (അപഥ സഞ്ചാരം) അവർക്ക് ഈ സ്ഥലം ഉപേക്ഷിച്ച് പോകേണ്ടതായി വരികയും അവരുടെ കാര്യസ്ഥൻമാരായ ഭാഗത്തേക്ക് ഈ സ്ഥലം അവകാശപ്പെടുകയും അവരിൽ നിന്ന് രണ്ട് മാറ്റങ്ങൾക്ക് ശേഷം ഈ സ്ഥലം ദേശവാസികൾക്ക് സിദ്ധിക്കുകയും അവരാൽ ചെയ്യാവുന്ന വിധം ഉള്ള പുണ്യകർമ്മങ്ങൾ അനുഷ്ഠിച്ച് സർപ്പ സാന്നിദ്ധ്യം വർദ്ധിപ്പിക്കുകയും നാഗങ്ങൾ ഭക്തൻമാർക്ക് സർവ്വാഭിഷ്ടങ്ങളും പ്രദാനം ചെയ്യുന്നതായും കാണുന്നു. സ്വയംഭൂവായ അർദ്ധനാരീശ്വരനും ഗണപതി സുബ്രഹ്മണ്യൻ എന്നീ ദേവൻമാരുടെ സാന്നിദ്ധ്യവും ഇവിടെ ഉള്ളതാണ്.

ഇതാണ് പ്രത്യക്ഷത്തിൽ രാശി ചക്രത്തിൽ പ്രശ്നകാരി കണ്ട വിവരങ്ങൾ. പ്രശ്നചാർത്ത് നിരീക്ഷണ വിധേയമാക്കിയ ശേഷം അതിൽ വിവരിച്ചിരുന്ന ചരിത്ര ഭാഗങ്ങളുടെ ഭൂതകാലത്തെ പറ്റി അന്വേഷിച്ചപ്പോൾ ലഭ്യമായ വസ്തുതകൾ ഇനിയും സൂചിപ്പിക്കുന്നു.

ഇടമന മഠത്തിന്റെ ഉടമസ്ഥതയിലുള്ള സർപ്പക്കാവിന് അറുന്നൂറ് വർഷത്തെ പഴക്കം ഉണ്ടെന്ന് തെളിഞ്ഞു. ഈ ആരാധനാ സ്ഥാനത്ത് മുട്ടുവരാതെ പൂജകൾ നടത്താനും അധീനതയിലുള്ള വസ്തുക്കൾ സംരക്ഷിക്കാനും മഠത്തിലെ ഒരംഗം പട്ടാഴിയിൽ





ഉണ്ടായിരുന്ന വാസ സ്ഥലത്ത് താമസിച്ചുവന്നു. അദ്ദേഹം നിർദ്ദിഷ്ട ദിവസങ്ങളിൽ കാവിലുള്ള നാഗരാജ - നാഗയക്ഷി സന്നിധിയിൽ പൂജ നടത്തുകയും മനയുടെ തേവാരക്കെട്ടിൽ സ്വയംഭൂവായ അർദ്ധനാരീശ്വരനേയും ഗണപതി സുബ്രഹ്മണ്യ ദേവന്മാരെയും ദിനംപ്രതി നേരം നീക്കം വരാതെ പൂജിച്ച് ആരാധിക്കയും ചെയ്തു വന്നു. മന്ത്രധനന്മാർ പണ്ടും ഇപ്പോഴും വാസസ്ഥാനത്ത് മുടങ്ങാതെ ഗണപതി ഹോമം നടത്തുക പതിവാണല്ലോ. ഇവിടെയും ഗണപതി പൂജ നടന്നുവന്നു.

ഈ അവസരത്തിൽ, പൂജയ്ക്ക് ആവശ്യമായ അനുസാരികൾ യഥാവസരം തയ്യാറാക്കി സമർപ്പിക്കാനും ജീവിത സാഹചര്യ നിർവ്വഹണങ്ങൾക്കുമായി സേവനം നടത്താൻ ഒരാൾ നിയോഗിക്കപ്പെട്ടിരുന്നു. പട്ടാഴി കിഴക്കെ കരപ്പുറത്തുള്ള നെല്ലിപ്പറമ്പിൽ തറവാട്ടിൽ നിന്ന് പടിഞ്ഞാറെക്കരയിലെ മഞ്ഞിപ്പുഴതോട്ടത്തിൽ താമസമാക്കിയ കുടുംബക്കാരുടെ സഹായസഹകരണമാണ് ഇടമന തിരുമേനിക്ക് ലഭിച്ചുവന്നത്. കുറെനാൾ കഴിഞ്ഞപ്പോൾ പ്രസ്തുത കുടുംബത്തിലെ ഒരു വനിതയെ തിരുമേനി സംബന്ധം കഴിക്കുകയും ചെയ്തു. അന്ന് പ്രസ്തുത സാമൂഹ്യ ചടങ്ങിന് നിയമസാധുതയും ഉണ്ടായിരുന്നു. നിഷ്ഠയനുസരിച്ച് ദിവസങ്ങളും മാസങ്ങളും നീങ്ങിക്കൊണ്ടിരുന്നു. എന്നാൽ പിന്നീട് ജ്യോതിഷ പ്രമുഖൻ പ്രശ്നചാർത്തിൽ രേഖപ്പെടുത്തിയപോലെ ബ്രാഹ്മണരുടെ അപചയങ്ങളാൽ അവർക്ക് ഈ സ്ഥലം

ഉപേക്ഷിച്ചുപോകേണ്ടതായി വന്നു. ദൈവജ്ഞന്റെ ഗണിത ക്രിയയിൽ വെളിവായി കണ്ടത് വസ്തുതയാണ്. പട്ടാഴിയിൽ താമസിച്ചു കൊണ്ടിരുന്ന തിരുമേനി സ്ഥലം വിട്ടു. ഈ സ്ഥലം ഉപേക്ഷിച്ചുപോയശേഷം ഇടമന മഠത്തിലെ അംഗങ്ങൾ ആരുംതന്നെ പിന്നീട് സ്ഥലത്തിന്റേയോ കാവിന്റേയോ അവകാശികളായി സ്ഥലത്തു വന്നിട്ടില്ല. കേരളം കണ്ട ഏറ്റവും ഭീമകരമായ പ്രകൃതി ദുരന്തമായിരുന്നു തൊണ്ണൂറ്റൊൻപതിലെ വെള്ളപ്പൊക്കം.

കൊല്ലവർഷം 1099 ൽ കേരള ദേശത്തിന്റെ മുഖഛായ തന്നെ വിരൂപമാക്കിയ പ്രസ്തുത പ്രകൃതിക്ഷോഭം ഇടമനക്കാവിനേയു ബാധിച്ചു. തൊട്ടുപടിഞ്ഞാറുവശത്തുള്ള കല്ലടയാറും കിഴക്കു ഭാഗത്തെ കുന്നിൻമുകളിൽ നിന്നുള്ള ജലപ്രവാഹവും ഒന്നിച്ചു ഈ സ്ഥലത്തേക്ക് വന്നുചേർന്നപ്പോൾ ഇടമന ക്കാവിന്റെ രൂപംതന്നെ മാഞ്ഞുപോയി. ഹരിതശോഭ നിലനിന്ന കാവും അതിനുള്ളിലെ നാഗവിഗ്രഹങ്ങളും കിണറും കുളവും വൃക്ഷാദികളും എല്ലാം അപ്രത്യക്ഷമായി. ഉയരം കൂടിയ ഏതാനും മരങ്ങൾ നിവർന്നു നിൽക്കുന്നതുകൊണ്ട്, ഇവിടെ മുൻപ് കാവുണ്ടായിരുന്നുവെന്ന് മനസ്സിലാക്കാനായി ഭൂമിയുടെനിരപ്പ് പൂർണ്ണമായി നഷ്ടപ്പെട്ടു. അനാകർഷകം- അനാഥം- അവകാശ മില്ലായ്മ. എല്ലാംകൊണ്ടും ആരും തിരിഞ്ഞു നോക്കാത്ത അവസ്ഥ ഇടമനക്കാവിനുണ്ടായി. കണ്ടകശ്ശനി, ഏഴരാണ്ടശ്ശനി ഗ്രഹങ്ങളുടെ മൗഢ്യങ്ങൾ ഇതൊക്കെ





മനുഷ്യർക്കു മാത്രമല്ല, ഭൂമിക്കുംവൃക്ഷാദി കൾക്കുമെല്ലാം ബാധകമാണ്.

ഇടമനക്കാവും, കാവിലെ സർപ്പവിഗ്രഹങ്ങളും ആയില്യ പൂജയും ഒക്കെ ബന്ധവസ്ഥരുടെ ഓർമ്മകളിൽ നിന്ന് ഓടി ഒളിക്കുകയും, ആരാദ്ധ്യ സ്ഥാനം പൂജയില്ലാതെ, വിളക്കില്ലാതെ അരാജകാ വസ്ഥയിൽ നാശകരമാവുകയും ചെയ്തു. വർഷ ങ്ങൾക്കുമുൻപ്, വസ്തുവിൽ കാര്യസ്ഥത നില നിർത്തി സഹകരിച്ചിരുന്ന കുടുംബക്കാരെ ഓർമ്മ പ്പെടുത്തുംവിധം ചില ദുസ്സൂചനകൾ സർപ്പ രൂപത്തിൽ കാണാനിടയായി. പുരമുകളിലും പരിസരത്തുമെല്ലാം ഭയമുണ്ടാകുംവിധം പാമ്പുരൂപം കണ്ടു തുടങ്ങി. പാമ്പുവിഷം തീണ്ടിയവരുടെ എണ്ണം ഈ ഭാഗത്ത് കൂടിക്കൊണ്ടിരിക്കുകയാണ്. മഞ്ഞിപ്പുഴ തോട്ടത്തിൽ കുടുംബാംഗമായി ദൈവ സാന്നിദ്ധ്യത്തിന്റെ മഹത്വം അറിയാവുന്ന ഒരാൾ ഉണ്ടായിരുന്നു. പള്ളിക്ക തെക്കേൽ സ്വാമി എന്നറിയപ്പെടുന്ന ശ്രീ കേശവൻ നായർ, സർപ്പക്കാവിന്റെ ആരാധനാകർമ്മം പുനരാ രംഭിക്കാൻ തീരുമാനമെടുത്തു. സ്വാമിസ്ഥലം പരിശോധിച്ചു. അവിടെ ഒന്നും കാണാനില്ല. ചിത്രകൂടത്തിന്റെ അവശേഷിപ്പറിയിക്കുന്ന ചില ശിലാഖണ്ഡങ്ങൾ മാത്രം കാണാൻ കഴിഞ്ഞു. സർപ്പ വിഗ്രഹങ്ങൾ കാണാനേ കഴിഞ്ഞില്ല. സ്വാമി നിരാശനായി എല്ലാത്തിനും പോംവഴി കാണിച്ചു കൊടുക്കുന്ന വിളിപ്പുറത്തമ്മയായ പട്ടാഴി ദേവീസന്നിധിയിൽ എത്തി. തന്റെ ഇംഗിതം



സാധിച്ചുതരണമെന്ന് ഉള്ളുരുകി പ്രാർത്ഥിച്ചു. സ്വാമിയുടെ പ്രാർത്ഥനയ്ക്കു ഫലമുണ്ടായി. കാവിൽ പോയി മുൻപ് സർപ്പ വിഗ്രഹങ്ങൾ സ്ഥാപിച്ചിരുന്ന സ്ഥാനംവീണ്ടും നിരീക്ഷിച്ചു. നാഗരാജാ ശിലാ വിഗ്രഹത്തിന്റെ ശിരോഭാഗം കാണാൻ കഴിഞ്ഞു. ഒപ്പം തച്ചുടഞ്ഞ കുറെ ശിലാഖണ്ഡങ്ങളും. നാഗരാജാ വിനൊടൊപ്പം നാഗയക്ഷി വിഗ്രഹവും കാണണമല്ലോ. വിശ്വാസിയായ സ്വാമി ജോലിക്കാരെ വരുത്തി നാഗത്തറയുടെ ഭാഗം കിളച്ചു പരിശോധിച്ചു. വെള്ളപ്പൊക്കത്താൽ മണ്ണൊലിച്ച് മൂടിക്കിടന്ന താഴ്ചയിൽ നിന്ന് പ്രസ്തുത നാഗയക്ഷി വിഗ്രഹവും കണ്ടെടുത്തു. പെട്ടെന്ന് സായത്തമാക്കാൻ കഴിഞ്ഞ ഒരു തന്ത്രിയെക്കൊണ്ട് സ്ഥലശുദ്ധി വരുത്തിയതിനെ തുടർന്ന്, ആയില്യം പൂജ പുനരാരംഭിച്ചു. നൂറും പാലും നിവേദ്യങ്ങളും എല്ലാം നടത്തിച്ചു. ഏതാനും നാൾ സ്വാമിയുടെ നേതൃത്വത്തിൽ മാന്ത്രിക കർമ്മങ്ങൾ നടന്നു. അദ്ദേഹം ദിവംഗതനായി വീണ്ടും തദ്ദൈവ പഴയ അനാഥത്വത്തിന്റെ ആവർത്തനം, അരാജക നിസ്സംഗത ദിവ്യ സന്നിധാനത്തു നിറഞ്ഞപ്പോൾ ആറാട്ടുപുഴ സ്ഥലത്തിന്റെ ഭംഗിതന്നെ മങ്ങിമയങ്ങി. ക്ഷേത്ര പുനരുജ്ജീവനത്തിനുവേണ്ടി താന്ത്രിക കർമ്മങ്ങൾ നടത്താൻ പിന്നീടു തീരുമാന മെടുത്തപ്പോൾ ഭക്തജന പ്രതിനിധികൾ പ്രസിദ്ധീകരിച്ച നോട്ടീസിലെ വാചകം അതേപടി ചേർക്കുന്നു. ഒരു കാലത്ത് വളരെയേറെ പ്രഭാവം ഉള്ള പ്രദേശമായിരുന്നു ആറാട്ടുപുഴ. എന്നാൽ





പിന്നീടുവന്ന തലമുറ ഈ ക്ഷേത്രത്തെ അവഗണിച്ചതിന്റെ ഫലമായി ക്ഷേത്രത്തിന്റെ ചൈതന്യം നഷ്ടപ്പെടുകയും ദേവകോപംമൂലം ഈ പ്രദേശ വാസികൾ വളരെയേറെ രോഗദുരിതങ്ങളും കഷ്ടനഷ്ടങ്ങളും അനുഭവിക്കാനിടയായി - ഇനി ചരിത്രഭാഗം പരിശോധിക്കാം.

ഈ സന്ദർഭത്തിൽ പട്ടാഴി ദേവസ്വം വസ്തുക്കൾ ഏറ്റെടുക്കൽ ബില്ലു പാസായി. വസ്തുക്കൾ കൈവശക്കാർക്ക് പട്ടയം കൊടുക്കുന്ന സെറ്റിൽമെന്റ് പരിപാടി സമാരംഭിച്ചു. ഇടമന ക്കാവിനും കാവിന്റെ പരിസര സ്ഥലത്തിനും ഉടമാവകാശം സമർത്ഥിക്കാനുള്ള അടിസ്ഥാന രേഖകളുമായി സ്ഥലത്തെ ഭക്തജനങ്ങൾ സെറ്റിൽമെന്റ് ഓഫീസിൽ ഹാജരാവുകയും കാവും കാവിനുള്ളിൽ സർപ്പ പ്രതിഷ്ഠയും ഉണ്ടെന്ന് വിലയിരുത്തുകയും ചെയ്ത സർക്കാരധികാരികൾ ഉടമസ്ഥാവകാശം ഇടമനക്കാവ് പരിപാലി ക്കുന്നവർക്കായി പതിച്ചു നൽകി കുറേക്കാലങ്ങൾക്കു ശേഷം കാവും പരിസരവും നോക്കി നടത്തുവാൻ ആളുകളില്ലാത്ത അവസ്ഥ സംജാതമായി. കാല ഘട്ടത്തിന്റെ പ്രതിഭാസമനുസരിച്ച് ക്ഷേത്രമുതൽ കയ്യേറിസ്വന്തമാക്കാനുള്ള പ്രവണത പരിസര വാസികളിൽ ചിലർക്കുണ്ടായി. ബാലവാടി, വായനശാല, കളിക്കളം തുടങ്ങിയ വകയ്ക്കായും കാവും പരിസര സ്ഥലവും കയ്യടക്കുന്നതിന് ശ്രമം ഫലപ്രദമായി പുരോഗമിച്ചു. ഈ ആരാധനാ സങ്കേതം, പരിസരവാസി

കളിലെ സാമൂഹ്യവിരുദ്ധരുടെ ഒളിത്താവളം, ഇരുകാലികളുടെ മേച്ചിൽ പറമ്പ്, സഞ്ചാരം ചെയ്യുന്നവരുടെ കുറുക്കുവഴി, മരത്തിന്റെ മറവിൽ മനുഷ്യവിസർജ്ജനസ്ഥാനം, അപഥമാർഗ്ഗാവലംബി കളുടെ ക്രീഡാകേന്ദ്രം ഒക്കെയായി അധഃപ്പതന അരാജകാവസ്ഥയിൽ എത്തി. ഇടമനക്കാവെന്ന പേരിനുപോലും പരിഗണനയും പവിത്രതയും കൽപ്പിക്കാത്ത അവസ്ഥ നിലനിന്നു. ആരാധനാ സങ്കേതത്തിന്റെ പാരമ്പര്യത്തനിമ നിലനിർത്തി സംരക്ഷിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ചില വിശ്വാസികൾ മുന്നോട്ടുവന്നു. ഇടമനക്കാവു നാഗരാജക്ഷേത്ര സംരക്ഷണ സമിതി എന്ന പേരിൽ ഒരു സംഘടന രജിസ്റ്റർ ചെയ്തു 81-ൽ പ്രവർത്തനം ആരംഭിച്ചു. എന്നിട്ടും കയ്യേറ്റക്കാരുടെ കടന്നുകയറ്റത്തിൽ നിന്നും പൂർണ്ണമായ മോചനം ഈ ആരാധന സ്ഥാനത്തിനു ലഭിച്ചില്ല.

അധഃപ്പതിച്ച് നാശോന്മുഖമായി കിടക്കുന്ന ദേവാലയങ്ങളെ സമുദ്ധരിച്ച് പവിത്ര ഭാസുരമാക്കുന്നതിന് വളരെ ഏറെ തടസ്സങ്ങളെ തരണം ചെയ്യേണ്ടതുണ്ട്. നിമിത്തങ്ങളും നിയോഗ ങ്ങളുമെല്ലാം ക്ഷേത്രോദ്ധാരണത്തിന്റെ പ്രാരംഭ ഭാഗമായി രൂപപ്പെടുക എന്നുള്ളത് ഈശ്വര കല്പിതം തന്നെ.

ദൈവജ്ഞാനിയായ പ്രശ്നക്കാരൻ, തന്റെ ചാർത്തിൽ രേഖപ്പെടുത്തിയ വസ്തുതയുമായി വീണ്ടും ബന്ധപ്പെടാം കാര്യസ്ഥന്മാരായ ഭാഗത്തേക്ക് ഈ സ്ഥലം അവകാശപ്പെടുകയും അവരിൽ നിന്ന് രണ്ടു മാറ്റങ്ങൾക്കുശേഷം ഈ സ്ഥലം ദേശവാസികൾക്കു





സിദ്ധിക്കയും ചെയ്യുതു എന്നതാണ് വസ്തുത.

ആദ്യം കാര്യസ്ഥന്മാരായ കുടുംബക്കാരുടെ അവകാശവും തുടർന്ന് 1981 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ട്, പിന്നെ മന്ദഗതിയെ പ്രാപിച്ച സംഘടനയുടെ കൈകാര്യവുമാണ്, ദേവപ്രശ്നത്തിൽ കൂടി തെളിഞ്ഞു കാണാനിടയായത്. പ്രശ്നകാരി കണ്ടെത്തിയ രണ്ടാംമാറ്റത്തിന്റെ പ്രവർത്തന ചരിത്രമാണിനി നടക്കുക.

ദൈവ വിശ്വാസം എന്ന മുഖ്യധാരാ സത്വഗുണം മാത്രം മൂലധനമായി കണ്ട് ആറാട്ടുപുഴ നിവാസികളായ കുറെ സ്വയംസേവകർ കൂട്ടായ്മയിലൂടെ പുതിയ ക്ഷേത്രസമുച്ചയം രൂപപ്പെടുത്തുന്നതിനെ കുറിച്ച് സംഘശക്തിയുടെ പിൻബലത്തിൽ ഇച്ഛാശക്തിയും ക്രിയാശക്തിയും ഇണക്കിചേർത്ത് രാപ്പകൽ അദ്ധ്വാനിച്ചു. അവരാരുംതന്നെ വിപുലമായ സാമ്പത്തിക അടിത്തറ ഉള്ളവരായിരുന്നില്ല. മനസ്സും ശരീരവും മാത്രം കൈമുതലാക്കി ക്ഷേത്രം നിർമ്മിക്കുന്നതിന് തീരുമാനിക്കുകയാണുണ്ടായത്. ഒന്നും കയ്യിലില്ലാതെ എങ്ങനെ ലക്ഷങ്ങൾ മുടക്കേണ്ട ദേവാലയം പണിയാൻ കഴിയും എന്ന് പലരും സംശയം ഉന്നയിച്ചു. നിർദ്ദിഷ്ട വസ്തു കിഴക്കും തെക്കും ഭാഗം പത്തുപതിനഞ്ചടി ഉയരത്തിലായി വടക്കു പടിഞ്ഞാറോട്ട് താണുതാണ് തട്ടുതട്ടായി പൊങ്ങിയും താണും വിണ്ടുകീറിയും വിരൂപമായി കിടക്കുന്നു. വർഷങ്ങളായി നടക്കാൻ ഉപയോഗിക്കുന്ന കുറുക്കുവഴിയുടെ കിടപ്പും നിരപ്പാക്കലിന് തടസ്സം സൃഷ്ടിക്കുന്ന വിധത്തിലാണ്. കെട്ടിട നിർമ്മാണത്തിന് ഭൂമി സമനിരപ്പാക്കി എടുക്കുന്നതിന് ലക്ഷങ്ങൾ ചിലവാക്കേണ്ടിവരും. യുവ മനസ്സുകൾ അല്പം

പോലും അലംഭാവം കാണിക്കാതെ ശ്രമദാനം നടത്തി. സ്ഥലത്തിന്റെ മുഖഛായ തന്നെ മാറ്റത്തിനു വിധേയമായി , അത്യാകർഷക ധന്യതയിലെത്തി. അതിരു നിർണ്ണയിച്ച് കയ്യാലയും വേലിയും നിർമ്മിച്ച് കാവുൾപ്പെടെ സ്ഥലം സുരക്ഷിതമാക്കി. ക്ഷേത്ര നിർമ്മാണ പ്രക്രിയയ്ക്ക് അനുയോജ്യമായ സ്ഥലത്തിന് പ്രത്യേക സവിശേഷതകളുണ്ടായിരിക്കണമെന്ന് താന്ത്രിക വിധിയുണ്ട്. നദീതീർത്ഥങ്ങളുടെ തീരം, ജലസ്രോതസ്സുകളുള്ള ഇടം, കുന്നിന്റെ താഴ്‌വാരം, കാവിന്റെ സാമീപ്യ ഭൂപ്രദേശം ഇവയെല്ലാംതന്നെ, ഇടമനക്കാവ് ക്ഷേത്ര സന്നിധിക്ക് അനുകൂല സാഹചര്യം ഒരുക്കുന്നുണ്ട്.

സ്ഥലം വൃത്തിയും വെടിപ്പും ഉള്ളതാക്കിയശേഷം വേദവിധി പ്രകാരം ഭൂപരിഗ്രഹം, കർഷണം, ധാന്യം വിതയ്ക്കൽ, പശുമേയ്ക്കൽ, വാസ്തുപൂജ ബലികർമ്മാദികൾ എന്നിവ പുരോഹിത നിർദ്ദേശം അനുസരിച്ചു തന്നെ നിർവ്വഹിച്ചു.

പുതിയ തെരഞ്ഞെടുപ്പു നിയമങ്ങൾക്കു വിധേയമായി നിലവിലുള്ള ഭരണസമിതി 203/2003-ാം നമ്പറായി രജിസ്റ്റർ ചെയ്യുകയും ഇപ്പോൾ കാണുന്ന ക്ഷേത്ര നിർമ്മാണത്തിന് സജീവ പങ്കാളിത്തം വഹിച്ച് നിലനിൽക്കയും ചെയ്യുന്നു.

"ഇടമനക്കാവ് " എന്ന പേരിന് പ്രാധാന്യം നൽകി ആദ്യം പ്രതിഷ്ഠാകർമ്മം നടത്തിയത്, നാഗരാജ-നാഗയക്ഷി ദേവതകളെയാണ്. ആദ്യം കാവുപൂജ, കാവിനുള്ളിൽ വൃക്ഷപൂജ എന്നിവയും നടത്തേണ്ടതുണ്ട്. വൃക്ഷപൂജ എന്നത് ആത്മപൂജയായി കണക്കാക്കാം. പണ്ടുള്ളവർ





സർപ്പക്കാവുകളും ഒരു സമ്പൂർണ്ണ പരിസ്ഥിതി സ്ഥാനമായി വിവക്ഷിച്ചിരുന്നു. കാവുള്ളിടം കനകാദം എന്ന ചൊല്ല് പ്രസിദ്ധമാണ്.

സർപ്പക്കാവുകളിൽ വിളക്കുവയ്ക്കുന്നതിനും ശാസ്ത്രീയതയുടെ പിൻബലമുണ്ട്. ഇടമനക്കാവിലെ ആരാധനാവിഗ്രഹങ്ങളായ നാഗരാജാവ്, നാഗയക്ഷി എന്നിവ മുൻ സ്ഥാനത്തു നിന്നും ഇളക്കി പ്രതിഷ്ഠ നടത്തുന്നതിന് ആലോചിക്കയും ദേവഹിതം അറിയാൻ പ്രശ്നം നോക്കുകയും ചെയ്തു. വിശാലമായ ദേവാങ്കണത്തോടനുബന്ധമായ സ്ഥാനത്ത് പ്രതിഷ്ഠ നടത്തുന്നത് നാഗദൈവങ്ങൾക്ക് ഹിതകരമാണെന്ന് തെളിയുകയുണ്ടായി. ദേവസന്നിധിയിലെത്തുന്ന സ്ത്രീജനങ്ങളും കുഞ്ഞുങ്ങളും ഉൾപ്പെടെ മുഴുവൻ ഭക്തജനങ്ങൾക്കും കാവിന്റെ ഉള്ളിൽ കടക്കാതെ സൗകര്യപ്രദമായ ആരൂഢസ്ഥാനത്തു നിന്ന് ആരാധന നടത്താൻ സാധിക്കുംവിധം കാവിൽ സ്ഥാനം രൂപകല്പന ചെയ്തു.

കാവിലെ മുൻ പ്രതിഷ്ഠാസ്ഥലത്ത്, അതീവ നേർമ്മയിൽചിത്രചാതുര്യത്തോടെ ദംഗിവരുത്തി സ്ഥാപിച്ചിരുന്ന പഴക്കം ഏറെയുള്ള കൃഷണ ശിലാപാളികൾ പുനഃപ്രതിഷ്ഠയ്ക്കായി സങ്കല്പിച്ചിട്ടുള്ള പുതിയ ബ്രഹ്മസ്ഥാനത്ത് അണിനിരത്തുകയുണ്ടായി.പുതിയ ചിത്രകൂടത്തിനും രൂപഭദ്രതയുണ്ടായി. അതിനു ശേഷം, ദേവഹിതത്തിന് അല്പം പോലും പിഴവു സംഭവിക്കാത്തവിധം ദൈവജ്ഞന്റെ പ്രശ്നചാർത്തിൽ നിർദ്ദേശിച്ച പ്രകാരം ഓരോ നടപടിക്രമങ്ങൾക്കും മാർഗ്ഗരേഖ തയ്യാറാക്കി . പ്രശ്നചാർത്ത് നിർദ്ദേശിക്കുന്നത് നിശ്ചിത സ്ഥപതിയെ വരുത്തി ഭൂപരിഗ്രഹണം നടത്തി നാഗരാജാവിന്റെയും നാഗയക്ഷിയുടെയും ബിംബങ്ങളും അഖില



സർപ്പങ്ങളേയുംതൽക്കാലബിംബത്തിലേക്കാ വാഹിച്ചും ഉത്തമസ്ഥാനത്തു ബാലാലയപ്രതിഷ്ഠ നടത്തി, സർപ്പങ്ങൾക്കാവശ്യമുള്ള ഭാഗം കാവുതിരിച്ചും എന്നാണ്. അതിൻപ്രകാരം തന്നെ അതീവശ്രദ്ധയോടും മന്ത്ര യന്ത്ര തന്ത്രവിധികളെ അവലംബമാക്കിയും പ്രതിഷ്ഠ നടത്തുന്നതിനുള്ള ശുഭമുഹൂർത്തവും നിശ്ചയിച്ചു.

നാഗപ്രതിഷ്ഠാകർമ്മങ്ങൾക്കും, ദേവതാ സന്നിധിയിൽ തന്ത്ര വിധിയനുസരിച്ച്, വിശേഷ പൂജാദികൾ നിർവ്വഹിക്കുന്നതിനും ശ്രീപരശു രാമനിൽ നിന്ന് നിയോഗം സിദ്ധിച്ച, മാളയിൽ പാമ്പുമ്മേക്കാട്ടില്ലത്തെ ഭട്ടതിരിയെക്കൊണ്ടു തന്നെ സ്ഥിര പ്രതിഷ്ഠ നടത്താൻ തീരുമാനിക്കുക യുണ്ടായി. എന്നാൽ നിശ്ചിത ദിവസം പാമ്പുമ്മേ ക്കാടിന് വന്നു ചേരാനുള്ള അസൗകര്യം അറിയിച്ച തനുസരിച്ച് അദ്ദേഹത്തിന്റെ നിർദ്ദേശം സ്വീകരിച്ച്, നാഗദേവതകളുടെ ആദിമൂല സ്ഥാനമായ വെട്ടിക്കോട്ടില്ലത്തെ മുഖ്യൻ ബ്രഹ്മശ്രീ പരമേശ്വരൻ നമ്പൂതിരിപ്പാടിനെക്കൊണ്ട് പ്രതിഷ്ഠാകർമ്മം നിർവ്വഹിക്കാൻ തീരുമാനമായി.

രണ്ടായിരത്തിനാലാം ആണ്ട് ഏപ്രിൽ മാസം 26-ാം തീയതിയ്ക്ക് തുല്യമായ 1179 മേടമാസം 13-ാം തീയതി തിങ്കളാഴ്ച പകൽ 11 മണി 30 മിനിട്ടു കഴിഞ്ഞ് 12-15 വരെയുള്ള ശുഭസമയത്ത് പുണർതം നക്ഷത്രത്തിലാണ് നാഗദേവതാ പ്രതിഷ്ഠ നടന്നത്. താന്ത്രികവിധി പ്രകാരമുള്ള പ്രതിഷ്ഠ നടന്നു കഴിഞ്ഞപ്പോൾ ഇടമനക്കാവ് ഈശ്വരസാക്ഷാ ത്കാരത്തിന്റെ ചൈതന്യരംഗസ്ഥലിയായി.





നാഗരാജന്റെ ജന്മനക്ഷത്രം ആയില്യമാണ്. പ്രസ്തുത പിറന്നനാളിന് സർപ്പപ്രീതിയ്ക്കായി നൂറും പാലും നടത്തുക വൈശിഷ്ട്യം ഏറെയുള്ള വഴിപാടു കർമ്മമാണ്. അരിപ്പൊടി, മഞ്ഞൾപ്പൊടി, കുങ്കുമപ്പൂവ് എന്നിവ കലക്കി അഭിഷേക നിവേദ്യങ്ങൾ മന്ത്രോച്ചാരണത്തോടു കൂടി സന്നിധിയിൽ സമർപ്പിക്കുന്നു. മഞ്ഞൾ, ഉപ്പ്, ലോഹനിർമ്മിതമായ സർപ്പരൂപങ്ങൾ, പുറ്റ്, മുട്ട എന്നിവ സന്നിധിയിൽ വഴിപാടായി വയ്ക്കുന്നു. പാൽ, കരിക്ക്, നല്ലെണ്ണ എന്നിവ കൊണ്ട് അഭിഷേകവും നടത്തുന്നുണ്ട്. നിവേദ്യ സാധനങ്ങളിൽ മുഖ്യമായത് പാൽപായസമാണ്. സർപ്പദേവത കൾക്ക് അത്യധികം പ്രീതികരങ്ങളായി സങ്കല്പിച്ചിട്ടുള്ള സവിശേഷ ചടങ്ങുകളാണ് സർപ്പം തുള്ളൽ, ബലി, പാട്ട് തുടങ്ങിയവ.ഈ ആചാരനടത്തിപ്പിനായി ബന്ധപ്പെട്ടവർ വ്രതം അനുഷ്ഠിക്കണമെന്നും വിധിയുണ്ട്. സർപ്പം തുളളലിന് ചാണകമെഴുകിയ തറയിൽ പഞ്ചവർണ്ണ പൊടികൾ കൊണ്ട് അഷ്ടനാഗക്കളം, നാഗയക്ഷിക്കളം തുടങ്ങിയവ രൂപപ്പെടുത്തുന്നു. ഇതു സംബന്ധമായ കളംവരക്കൽ, അലങ്കാരം, പൂജാ നിവേദ്യം, പാട്ട്, തുളളൽ തുടങ്ങിയ അനുഷ്ഠാന കർമ്മങ്ങൾ നിർവ്വഹിക്കുന്നത് പുളളുവർ എന്ന വിഭാഗക്കാരാണ്. 'പുള്ളോംപാട്ട്' എന്ന നാടൻപേര് ഇതിനാണ്. വീണ, കുടം എന്നീ വാദ്യോപകരണങ്ങളും കാണും. നാഗരാജാവ്, നാഗയക്ഷി, മണിനാഗം, പറനാഗം, എരിനാഗം, കുഴിനാഗം, കരിനാഗം, നാഗചാമുണ്ടി എന്നിവയെപ്പറ്റിയുള്ള പഴംപാട്ടുകൾ പാടുന്നുണ്ട്. കുടുംബത്തിൽ വെച്ച് സർപ്പം തുളളൽ നടത്തുമ്പോൾ, രോഗബാധ ഉപദ്രവവമുളള സ്ത്രീ അംഗങ്ങൾ പിണിയാളുകളായി തുളളലിൽ പങ്കുകൊളളാറുണ്ട്.

നാഗസ്ഥിതപരമായ പാട്ടുകൾ വാദ്യങ്ങളുടെ താളത്തിനൊപ്പിച്ച് ആലപിക്കുമ്പോൾ പിണിയാൾ കമുകിൽ പൂക്കില മുഖത്തിന് സമാനമായി പിടിച്ചു തുള്ളുകളയും ചിലപ്പോൾ ഉറഞ്ഞ് അബോധാവസ്ഥയിൽ എത്തുകയും ചെയ്യും. വീട്ടിലും നാട്ടിലും സംഭവിച്ചുകൊണ്ടിരിക്കുന്ന പലവിധ ഗ്രഹനില ദോഷങ്ങൾ ദൗർഭാഗ്യ മന:പീഢാനുഭവങ്ങൾക്കും ഈ അനുഷ്ഠാന കർമ്മം, വിധി നിർദ്ദേശാനുസരണം നടത്തുന്നത് ഫലപ്രദം തന്നെ. സർപ്പദോഷം, വിദ്യാതടസ്സം, രാഹൂർദോഷം എന്നിവ മാറ്റുന്നതിനും മംഗല്യസിദ്ധി, സന്താനഭാഗ്യം എന്നിവയ്ക്കും നാഗകളത്തിൽ പേരും നാളും ഉരുവിട്ട് നാഗാർച്ച നടത്തുക എന്നതും വിശേഷമാണ്. ഇടമനക്കാവിൽ ആയില്യം ദിവസം ആയിരങ്ങൾ വഴിപാടിനായി എത്തും

ഇനി നേർക്കാഴ്ചയിൽ പ്രകാശിതമായ ചില പ്രത്യക്ഷ സംഭവങ്ങൾ സൂചിപ്പിക്കുന്നു. കാവിനുള്ളിൽ ഏറെ പഴക്കമുള്ള ഒരു ആഞ്ഞിലിമരം ഉണങ്ങി ദ്രവിക്കാറായ അവസ്ഥയിൽ നിൽപ്പുണ്ട്. തടി ഉപയോഗിക്കാവുന്നതാണെങ്കിലും ഉണങ്ങിയതിനാൽ ഇനിയും അവിടെ നിർത്തിയാൽ നഷ്ടപ്പെടും. ഇതു മനസ്സിലാക്കി, മരം മുറിച്ചു മാറ്റുന്നതിനെ പറ്റി ദേവഹിതം അറിയാൻ ജ്യോതിഷ കർമ്മത്തിനു തീരുമാനിച്ചു. ക്ഷേത്ര ഭാരവാഹികളും സമീപസ്ഥരായ നാട്ടുകാരും, സ്ഥലവാസിയും, പ്രസിദ്ധ വിഷവൈദ്യനുമായ പാലയ്ക്കാട്ട് ഗോപാലപിള്ളയും എല്ലാം സ്ഥലത്ത് എത്തിച്ചേർ ന്നിട്ടുണ്ട്. മരം മുറിക്കുന്നതിന് ദേവഹിതം അനുകൂലമാണെന്നു കാണുന്നപക്ഷം മുറിക്കാനുള്ള തൊഴിലാളികളും സന്നിഹിതരുടെ കൂട്ടത്തിലുണ്ട്.





പ്രശ്ന കർമ്മം തുടങ്ങി. പ്രശ്നത്തിൽ തെളിഞ്ഞവിവരം ജ്യോത്സ്യൻ ഭാരവാഹികളെ അറിയിച്ചത് ഇങ്ങനെയാണ്-: ''മരം മുറിക്കാൻ ആരംഭിക്കുന്നതിനു മുൻപ്, സ്ഥലത്തുനിന്ന് നിരീക്ഷണം നടത്തുമ്പോൾ ഒരു സർപ്പം, അതിന്റെ സമീപത്തുനിന്നും ഇഴഞ്ഞ് തൊട്ടടുത്തുള്ള ഭാഗത്തേക്ക് പോയി അപ്രത്യക്ഷമാവും. അങ്ങനെ കാണാൻ കഴിഞ്ഞാൽ മരം മുറിക്കുന്നതിന് അനുമതി ലഭിച്ചതായി അനുമാനിക്കാം''. ദൈവജ്ഞ നിയോഗം സ്വീകരിച്ച്, അല്പം ആശങ്കയോടും ഭക്തിയോടും കൂടി ഭാരവാഹികൾ തടിയുടെ സമീപം ചെന്നു. ജീർണ്ണിച്ച് പൊടിയാറായ തൊലിയിൽ കോടാലി മുട്ടിച്ചു കഴിഞ്ഞപ്പോൾ തൊലി വിണ്ടുകീറിയ വിടവിൽ നിന്നും കനംകുറഞ്ഞ ഒരു പാമ്പിൻകുഞ്ഞ് പുറത്തുവരികയും ജോത്സ്യ-വിഷഹാരി-ഭാരവാഹികൾ, സ്ഥലവാസികൾ എന്നിവരുടെ കൺവെട്ടത്തിലൂടെ കാട്ടിലേക്ക് ഇഴഞ്ഞു പോവുകയും ചെയ്തു. ഭക്തിയുടെ ദീപ്തപ്രഭയിൽ ഭയം നിശ്ശേഷം നീങ്ങി തടി മുറിച്ചു മാറ്റുന്ന പ്രക്രിയ ആരംഭിക്കുകയുണ്ടായി.

സർപ്പ പ്രതിഷ്ഠ നടന്ന് കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആരാധനയ്ക്ക് എത്തുന്ന ഭക്തജനങ്ങളുടെ സാന്നിദ്ധ്യംകൊണ്ട് ഇടമനക്കാവ് സജ്ജീവമായി. ചിത്രകൂടത്തിന്റെ ഇളമതിലിനോട് അനുബന്ധിച്ച് താൽക്കാലിക ആവശ്യത്തിന് ഓലകൊണ്ടു നിർമ്മിച്ച പന്തൽ പൊളിച്ചു മാറ്റിയശേഷം, കൂടുതൽ നീളം, വീതിയിൽ ആധുനിക സൗകര്യങ്ങളുള്ള വിശാലമായ ഒരു നടപ്പന്തൽ നിർമ്മിക്കുക എന്ന ഉദ്ദേശത്തിൽ, പന്തലിലെ ഓലകൾ പൊളിച്ചുമാറ്റാൻ തുടങ്ങി. വാരികൾക്കിടയിൽ അപ്പോഴും ഇംഗിതം

അറിയിക്കാനെന്ന രീതിയിൽ സർപ്പക്കുഞ്ഞുങ്ങളെ കാണാൻ ഇടയായി. സമിതി പ്രവർത്തകർ ഹിതം വേർതിരിച്ചറിയുവാൻ ദേവജ്ഞനെ സമീപിച്ചു പ്രശ്നം നോക്കിച്ചതിൽ ഓലപന്തലിന്റെ തനിമ നാഗങ്ങൾക്ക് പ്രിയങ്കരമാണെന്ന് തെളിഞ്ഞു കാണുകയുണ്ടായി. അതനുസരിച്ച് കാവിന്റെ പുരോഭാഗത്ത് വിശാലമായി പണിത പന്തലിന്റെ നാഗ സങ്കേതത്തോട് അടുത്ത ഭാഗം ഓലകൊണ്ടു തന്നെ മേച്ചിൽ നടത്തുന്നതിന് നിശ്ചയിക്കുകയും ചെയ്തു. നടപ്പന്തലിന്റെ തറയിൽ പൂർവ്വ പാരമ്പര്യ പവിത്രത നിലനിർത്തുന്നതിന് വർഷാവർഷം ചാണകം മെഴുകി രൂപപ്പെടുത്തുകയാണിപ്പോൾ.

സർപ്പാരാധനാ വിഷയത്തിൽ കൂടുതൽ സംപുഷ്ടി നൽകുന്ന പ്രത്യക്ഷ സംഭവങ്ങൾ പലതും ഇടമനക്കാവിന്റെ പരിസരങ്ങളിൽ അനുഭ പ്പെടുന്നു. പ്രതിഷ്ഠയ്ക്കുശേഷം ഭരണസമിതി അംഗങ്ങൾ, പരിസര ശുചീകരണ സേവനത്താൽ ഏർപ്പെട്ടു നിൽക്കുമ്പോൾ അയൽവാസിയായ ഒരു സ്ത്രീ കരഞ്ഞു വിളിച്ചു സന്നിധിയിലെത്തി. ഭാരവാഹികളിലൊരാൾ അതിന്റെ കാരണം ചോദിച്ചപ്പോൾ ആ സ്ത്രീ പറഞ്ഞു, ഞാൻ പാപം ചെയ്തു. എന്റെ വീടിന്റെ വരാന്തയിൽ രണ്ടു പാമ്പിനെ കണ്ടു പേടിച്ചു ഞാൻ അയലത്തുള്ളവരെ വിളിച്ചുകൂട്ടി. ഒരാൾ അതിൽ ഒന്നിനെ തള്ളി താഴെയിട്ടു തല്ലിക്കൊന്നു മറ്റേതിനെ കൊല്ലാ നൊരുങ്ങിയപ്പോൾ പഴയ സ്ഥാനത്തു വീണ്ടും രണ്ടെണ്ണം "സർപ്പത്താൻമാരെ എന്റെ തെറ്റു പൊറുക്കണെ" ഭാരവാഹികളുടെ സഹകരണവും ഉപദേശവും സ്വരൂപിച്ച് അടുത്തുള്ള ജ്യോത്സരെ





ക്കൊണ്ട് ആരൂഡിച്ചു നോക്കിയതിൽ വിവരം ഗ്രഹിക്കുകയുണ്ടായി. ഈശ്വരപരമായ ആചാരങ്ങൾ അവഗണിച്ച്, മുൻപ് അറിവില്ലാതെ അപചാരങ്ങൾ ചെയ്തതിന്റെ പരിഹാരം കാണാൻ സജ്ജമാക്കിയ ലക്ഷണമാണ് കണ്ടത്. ഉടൻ തന്നെ ഉചിതമായ കർമ്മങ്ങൾ അനുഷ്ഠിക്കുക. അവർ നിർദ്ദേശം സ്വീകരിച്ച്, ശക്തിക്കൊത്ത വഴിപാടുകൾ നടത്തി. അതിനുശേഷം സ്വസ്ഥതയും സമാധാനവും ലഭിച്ചു.

സമീപവാസിയും ജ്യോതിഷതിലകവുമായ ശ്രീ.മുടിപ്പുര ശശീധരൻ ഒരു നിർമ്മാണ പ്രവർത്തനത്തിന്റെ ദൈവാധീനം തിരിച്ചറിയാൻ, സമിതി ഭാരവാഹികളുടെ സാന്നിദ്ധ്യത്തിൽ നാഗത്തറയുടെ പുരോഭാഗത്ത് കവിടി നിരത്തി കർമ്മം തുടങ്ങുകയാണ്. തദവസരത്തിൽ സ്വർണ്ണ നിറത്തിലുള്ള ഒരു നാഗക്കുഞ്ഞ് തൽസ്ഥാനത്ത് വരികയും തന്റെ അനുകൂല അവസ്ഥ ബോദ്ധ്യ പ്പെടുത്തി, ആരെയും ഗൗനിക്കാതെ ചടങ്ങിന് യാതൊരു പ്രതിബന്ധവും ഉണ്ടാക്കാതെ നിശ്ചിത സ്ഥാനത്തേക്ക് ഇഴഞ്ഞു നീങ്ങി പോവുകയുമുണ്ടായി. ഇങ്ങനെ പലരുടേയും അനുഭവ സത്യങ്ങൾക്ക് ഈ സന്നിധാനം സാക്ഷിഭൂതമായിട്ടുണ്ട്.

സർപ്പക്കാവുകളിൽ സാധാരണ ആയില്യം നാളിൽ മാത്രമായി വിളക്കും പൂജയും നിവേദ്യ സമർപ്പണവും പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, വെട്ടിക്കോട്ട്, മണ്ണാറശാല ആദിയായ പ്രസിദ്ധ നാഗക്ഷേത്രങ്ങളിലെ പോലെ ഇടമനക്കാവിൽ നിത്യവും അഭിഷേകം, ഉഷ:മുതലുള്ള പൂജകളും ദീപാരാധനയും വഴിപാടു നിവേദ്യ ചടങ്ങുകളും മുടക്കമില്ലാതെ



നടന്നുവരുന്നുണ്ട്. ഉഷഃപൂജയ്ക്ക്, മലർനിവേദനത്തിന് പുനഃപ്രതിഷ്ഠാ സന്ദർഭം മുതൽ ദേവമധുര കാദളമായ കദളിപ്പഴം തന്നെ നിഷ്ടാപൂർവ്വം നിവേദിക്കുന്നു.

ഈ പവിത്ര സന്നിധിയിലെ ആട്ടവിശേഷം കന്നിമാസത്തിലെ ആയില്യമാണ്. പൂയ്യം, ആയില്യം എന്നീ ദിനങ്ങളിൽ പ്രത്യക്ഷ ദൈവങ്ങളുടെ തിരുനടയിൽ നടന്നുവരുന്ന താന്ത്രിക കർമ്മങ്ങളിലും ഇതര ദൈവ സംവേദ പുണ്യ ഉൽസവങ്ങളിലും ആയിരക്കണക്കിനു ഭക്തജനങ്ങൾ സംബന്ധിച്ചു വരുന്നു.

ആയില്യംനാൾ പുലർവേളയിൽ ഉഷഃപൂജയ്ക്കുശേഷം, കാവിൻകരയോരത്ത് സർപ്പ വിഗ്രഹങ്ങൾക്കു മുന്നിൽ നടന്നുവരുന്ന അത്യുതാത്തമായ സമർപ്പണ ചടങ്ങാണ് പറയിടീൽ. ഇതിനായി പ്രത്യേകം പന്തൽ പ്രസ്തുത സന്നിധിയിൽ തയ്യാറാക്കി യിരിക്കുന്നു. ആയില്യ ആട്ടവിശേഷ ദിവസം മാത്രം യഥാസ്ഥാനത്ത് കുടിയിരുത്തുന്നതിന് സവിശേഷതയുള്ള നാഗരാജ വിഗ്രഹം ഇവിടെ തയ്യാറാക്കി വെച്ചിട്ടുണ്ട്. ഈ വിഗ്രഹ രൂപത്തിന്റെ പൂർണ്ണതയ്ക്കും നിർമ്മാണത്തിനും ദൈവീകതയുടെ നിർവ്വചിക്കാനാവാത്ത അതിശയ ഛായയുടെ അതിവിദഗ്ദ്ധ തച്ചുശാസ്ത്ര വിധാദാക്കളുടെ കർമ്മപുഷ്ടി രൂപപ്പെടുത്തി തന്ത്ര മന്ത്ര ചടങ്ങുകളിലൂടെ ശക്തിചൈതന്യം നിലനിർത്തി പ്രത്യേക സ്ഥാനത്ത് സൂക്ഷിച്ചിട്ടുള്ളതും 87 കിലോഗ്രാം ഓടു കൊണ്ടു നിർമ്മിച്ചതുമായ വിഗ്രഹം ആചാരാനുഷ്ഠാന ചടങ്ങുകളോടെ മേൽശാന്തി, എഴുന്നുള്ളിച്ചുകൊണ്ടു വന്ന് ദർശന സൗഭാഗ്യത്തിനായി വെച്ചു കഴിഞ്ഞാൽ പറയിടീൽ തുടങ്ങി. ക്ഷേത്രം തന്ത്രിയും





മേൽശാന്തിയും താന്ത്രിക കർമ്മങ്ങൾക്ക് മേൽനോട്ടം വഹിക്കും. അനുഭവസ്ഥരായ ആയിരകണക്കിന് ഭക്തജനങ്ങൾ പറയിടിലിനായി എത്തുന്നുണ്ടാകും. സായന്തനം വരെയും ഈ സങ്കല്പ സമർപ്പണം നടക്കുന്നു.

ആയില്യ സുദിനത്തിൽ ഇവിടെ നടന്നു വരുന്ന മറ്റൊരു മഹത്തായ ചടങ്ങാണ് ആയില്യക്കഞ്ഞി. മനസ്സിന്റെ കയ്പും കാഠിന്യവും കുറച്ച് ശാരീരിക ഉൻമേഷം നൽകുന്ന ഇവിടത്തെ ഔഷധക്കഞ്ഞി സേവിക്കുന്നതിനായി ആയിരങ്ങൾ ക്ഷേത്ര സന്നിധിയിൽ എത്തിച്ചേരാറുണ്ട്.

**നാഗരാജ മന്ത്രം**

ഓം നമ കാമരൂപീണേ മഹാബലായ
നാഗാധി പതനേയമ

**നാഗയക്ഷി**

ഓം വിനയാതനയേ വിശ്വനാഗേശ്വരീ ക്ലീം
നാഗയക്ഷീ യക്ഷിണീസ്വാഹ
അന്യഥാ ശരണം നാസ്തി ത്വമേവ ശരണം മമ
തസ്മാത്കാരുണ്യ ഭാവേണ രക്ഷ രക്ഷ ഫണീശ്വര

**അർദ്ധനാരീശ്വര – ഗണപതി – സുബ്രഹ്മണ്യ ക്ഷേത്രങ്ങൾ**

ചരിത്രപ്പഴമയുടെ ലിഖിതങ്ങളില്ലെങ്കിലും ഇടമന യുടെ അകത്തളത്തിലെ തേവാരക്കെട്ടിൽ അർദ്ധനാരീ ശ്വരനും ഗണപതിയ്ക്കും, സുബ്രഹ്മണ്യനും ആചാര ഉപചാരങ്ങളുണ്ടായിരുന്നതായി ജ്യോതിഷൻ സ്ഥാപി ച്ചിട്ടുണ്ട്. ചാർത്തിങ്ങനെ –: ഉത്തമവും പ്രാധാന്യവും അർഹിക്കുന്ന സ്ഥാനത്ത് അർദ്ധനാരീശ്വരനും ഗണപ തിക്കും സുബ്രഹ്മണ്യനുമായി, ഉത്തമമായ കണക്കിൽ

മനോഹരമായ ശ്രീകോവിൽ പണികഴിപ്പിച്ച് പ്രതിഷ്ഠ നടത്തണം. ഓരോ ശ്രീകോവിലിന്റെ സ്ഥാനവും നിർവ്വ ചിച്ചിട്ടുണ്ട്. അതിന്മണ്ണം ശ്രീ ചിറയൻകീഴ് രത്നാകരന്റെ പ്രധാന മേൽനോട്ടത്തിൽ ശ്രീകോവിലുകളുടെ പണി പൂർത്തിയാക്കി. പാലോടു ഷൺമുഖൻ, ചെങ്ങന്നൂർ സദാശിവൻ മൈലാടി ചന്ദ്രൻ എന്നീ ശില്പികളാൽ രൂപ ഭദ്രത ആർജ്ജിക്കപ്പെട്ട, അതിമനോഹര ശിലാ വിഗ്രഹ ങ്ങൾ പ്രതിഷ്ഠയ്ക്കായി തയ്യാറാക്കപ്പെട്ടു.

അയ്യായിരത്തോളം വർഷം പഴക്കമുള്ള വേദകാ ലത്ത് വ്യക്തികൾ അനുഷ്ഠിച്ചു വന്ന ജീവിതചര്യ കളാണ് ക്ഷേത്രത്തിൽ വിവിധ തലത്തിൽ നടത്തിക്കൊ ണ്ടിരിക്കുന്നത്. ഈ സമ്പ്രദായത്തിന്റെ തുടർച്ച എന്നോ ണമാണ് പ്രതിഷ്ഠകൾ കൂടുതലും മനുഷ്യരൂപത്തിലാ യത്. കണ്ണാടിബിംബം, ശിവലിംഗം, പീഠം, തിരുമുടി, ശൂലം തുടങ്ങിയ പ്രതീകഭാവത്തിലും ക്ഷേത്രങ്ങളിൽ പ്രതിഷ്ഠ കൾ ഉണ്ട്. ക്ഷേത്രത്തിൽ കുടികൊള്ളുന്ന ഈശ്വരന്റെ നിത്യനിദാന ജീവിതചര്യകൾക്ക് ആദ്യരൂപം നൽകുന്നത് ദൈവത്തിന് ചൈതന്യവും ശക്തിമഹത്വവും നൽകുന്ന തന്ത്രി ആയിരിക്കണം. ഷോഡശ ഉപചാരങ്ങളാൽ (പതിനാറ്) മന്ത്ര തന്ത്രാദികളിലൂടെ ക്രമാനുഗതമായി തന്ത്രി കർമ്മവിധങ്ങൾ നടത്തുന്നു.

ഇടമനക്കാവിലെ അനുഷ്ഠാനങ്ങൾക്ക്, പരമ്പരാഗത അവകാശ തന്ത്രിമാർ രേഖാവിധിയുടെ രൂപത്തിൽ ഉണ്ടായിരുന്നില്ല. പ്രശ്നക്കളത്തിൽ പലരേയും ആരൂഢിച്ച് നിരീക്ഷിച്ചതിൽ തെളിഞ്ഞു





കണ്ടത് വെട്ടിക്കവല കോക്കളത്തു മഠത്തിൽ ബ്രഹ്മശ്രീ കൃഷ്ണൻ നമ്പൂതിരിയുടെ പേരാണ്. ആര്യങ്കാവ് മുതൽ ചീരങ്കാവു വരെ പരശുരാമൻ പ്രതിഷ്ഠ നടത്തിയ തുൾപ്പെടെയുള്ള പല ദേവാലയ സ്ഥാനനങ്ങളുടെയും താന്ത്രിക അവകാശിയാണ് കോക്കുളം. ക്ഷേത്രത്തിന്റെ ആചാര്യനായി സർവ്വാദരണീയനായ നാരായണര് കൃഷ്ണര് അഭിഷിക്യതനായത്, പ്രസ്തുത ധർമ്മ സ്ഥാപനത്തിന്റെ പുരോഗതിക്ക് സർവ്വഥാ ശുഭപ്രദം തന്നെ.

അർദ്ധനാരീശ്വരൻ അസാമാന്യ ചൈതന്യ സ്രോതസ്സു നിലനിൽക്കുന്ന അതിദിവ്യമൂർത്തിയാണ്. പകുതി നാരി എന്ന പാർവ്വതിയും പകുതി ഈശ്വരനായ ശിവനും ചേരുമ്പോളാണ് അർദ്ധനാരീശ്വരനാക്കുന്നത് പരംപൊരുളായ പൂർണ്ണത്രയോശ്വരിയുടെ മായിക ശക്തി ചേരുമ്പോഴാണ് മഹേശ്വരൻ സർവ്വജ്ഞനാകുന്നത്. അർദ്ധനാരീശ്വരനെപ്പറ്റി ആചാര്യസ്വാമികൾ അരുൾ ചെയ്തത് നോക്കുക.

"ശക്തിയോടൊത്തു യോഗത്തിൽ വർത്തിക്കുകിൽ ശക്തനത്രേ സൃഷ്ടികർമ്മത്തിനും ശിവൻ അല്ലായ്കിൽ ഏതും ആ ദേവനു നിർണ്ണയം ഇല്ല കേൾ- സ്പന്ദന കൗശലം കേവലം ആ കാരണത്താൽ വിരിഞ്ചാദി ദേവകൾക്കൊക്കെ ആരദ്ധ്യനാണർദ്ധനാരീശരൻ". ശക്തിയും ശിവനുമായുള്ള സംയോഗത്തിന്റെ ചലനാത്മക സ്വഭാവം, ഇച്ഛ, ജ്ഞാനം ക്രിയ എന്നിവ ചേർന്നിട്ടുള്ളതാണ്. ശക്തിയോടു ചേർന്ന്, ബ്രഹ്മാധിഷ്ഠിത പദവി ഭഗവാന് ലഭ്യമായി. പുണ്യ



കർമ്മങ്ങൾ ചെയ്യുന്നവർക്ക് മാത്രമാണ് ശിവശക്തി സംയോഗത്തിന്റെ അനുഗ്രഹം ലഭിക്കുന്നതെന്നും വിധിയുണ്ട്. അസുരഭാവങ്ങൾക്കും അതിരൂക്ഷമായ തിന്മകൾക്കും അന്ത്യം ചമയ്ക്കുന്ന പ്രതിഷ്ഠാ മൂർത്തിയാണ് ആറാട്ടു പുഴയിലെ അർദ്ധനാരീശ്വരൻ. പൂർണ്ണ മന്ത്ര തന്ത്രാദികൾ നിക്ഷേപ നിർമ്മലമാക്കി കർമ്മ പുഷ്ടിയോടെ ഈ ദൈവസന്നിധിയിൽ ഷഡാധാര പ്രതിഷ്ഠ നടത്തിയിരിക്കുന്നു. ഷഡാധാരം എന്നാൽ (1) ആധാരശില (2) നിധികുംഭം (3). അഷ്ടദളപത്മം (4) കൂർമ്മം (5) യോഗനാളം (6) നപുംസകശില ഇവയാണ്. ക്ഷതത്തെ ത്രാണനം ചെയ്യുന്ന പവിത്ര ധന്യതയുടെ പ്രാകാരമാണല്ലോ ക്ഷേത്രം. ആ തിരുസന്നിധിയിൽ മനുഷ്യശരീരത്തിന്റെ മാതൃകയിൽ, പഞ്ചഭൂതാത്മകമെന്ന വിവക്ഷനൽകി ഈശ്വരചൈതന്യത്തെ മന്ത്രതന്ത്ര ങ്ങളിൽകൂടി ആവാഹിച്ചെടുത്ത്, ക്ഷേത്രവും അതിലെ ആരാധനാ വിഗ്രഹവും ജനങ്ങൾക്കായി സമർപ്പിച്ച് സ്ഥാപിച്ചിരിക്കുന്നു.

പടിയാറും കടന്നവിടെ ചെല്ലുമ്പോൾ
ശിവനെകാണാകും ശിവശംഭോ

എന്നു പാടിയിരിക്കുന്നത് ഷഡാധാരപ്പെറ്റിതന്നെ. മുലാധാരം (ഭുമിക) സ്വതിഷ്ടാനം (അഗ്നി) മണിപൂരകം (ജലം) അനാഹതം (വായൂ) വിശുദ്ധി (ആകാശം) ആജ്ഞ (മനസ്സ്) എന്നീ ആറു തത്വങ്ങളാണ് പ്രപഞ്ചത്തിന്റെ ശിലകൾ. ഈ തത്വങ്ങളെ കുണ്ഡലി നീശക്തിയുടെ ആധാരശിലയിൽ രൂപ ഭദ്രമാക്കുന്നു. ഇതിന്റെ സങ്കല്പരൂപമാണ് ഷഡാധാരം. ഈ ഓരോ





ആധാരങ്ങൾക്കും മന്ത്ര-തന്ത്രാദികളിൽകൂടി പ്രയോഗ മാർഗ്ഗം നിർദ്ദേശിച്ച് സമയനിഷ്ഠ പുലർത്തി കർമ്മപരി പാടികൾ വിധിയാംവണ്ണം നടത്തുന്നു. തന്ത്രയോഗത്തിൽ പാകപ്പിഴയും കണക്ക് വീഴ്ചയും വരാതിരിക്കത്തക്ക വിധത്തിലാണ് ഓരോ കർമ്മങ്ങൾക്കും നിയമം നിർദ്ദേ ശിക്കുന്നത്. പ്രതിഷ്ഠയ്ക്കായി തന്ത്രിമാർ തയ്യാറാക്കി തരുന്ന ചാർത്തിൽ ഇതെല്ലാം ഉൾക്കൊള്ളിക്കാറുണ്ട്. കലശവും അതിനുള്ളിലെ മന്ത്ര സാധനകളും അതു നടക്കുന്ന അവസരങ്ങളിലെ ആരാധനകളും എല്ലാം ഉൾക്കൊള്ളുന്നത് ഫലപ്രദമാണ്. ഒരോ ആധാരഖണ്ഡ ങ്ങൾ സ്ഥാപിക്കുന്നതിനും നിർമ്മിക്കുന്ന നിശ്ചിത സ്ഥാന ങ്ങളിൽ അതാതിന്റെ മന്ത്ര സാധന നടത്തിയ കലശങ്ങ ളിലൂടെ പരിശുദ്ധി നിലനിർത്തുകയും ചെമ്പ്, വെള്ളി സ്വർണ്ണം ഇവയുടെ സാരാംശ ശകലങ്ങൾ ഉൾക്കൊള്ളി ക്കണമെന്നുണ്ട്. പ്രാണപ്രതീകമായി മൂന്നുവിധ കർമ്മ ങ്ങൾക്ക് വിധേയമായി ലോഹങ്ങൾ കൊണ്ട് നിർമ്മാണ പ്രക്രിയ നടത്തി, തന്ത്രവിധികളോടെ സമർപ്പിക്കുന്നു. പുരോഹിതസ്ഥാനി, ക്ഷേത്ര ഉടമകളെ അറിയിക്കുന്ന പ്രതിഷ്ഠയ്ക്കുള്ള ചാർത്ത് ശ്രദ്ധാപൂർവ്വം പരിശോധി ച്ചാൽ പ്രതിഷ്ഠയുടെ എല്ലാ കർമ്മപരിപാടികളും മനസ്സിലാകുന്നതാണ്. നിശ്ചിത നദികളിലെ മണൽ തുട ങ്ങിയവ ഒക്കെ പ്രതിഷ്ഠയ്ക്ക് ഉപയോഗിച്ചുവരുന്നത് മനസ്സിലാക്കാൻ കഴിഞ്ഞാൽ കർമ്മപുഷ്ടിയുടെ സവി ശേഷത ആഗ്രഹിക്കാൻ സാധിക്കുന്നതാണ്. വിഗ്രഹ പ്രതിഷ്ഠ കഴിഞ്ഞാൽ നിശ്ചിത സമയത്തിനകം അഷ്ടബന്ധലേപനവും ബ്രഹ്മകലശാദിക്ഷേകം,

പ്രസന്നപൂജ എന്നിവയും സമയബന്ധിതമായി നടത്താൻ വിധിയുണ്ട്. ഒട്ടും നേരനീക്കമില്ലാതെ പുഷ്ടിപ്രദമായി തന്നെ നടത്തുകയും ഭാരവാഹികളും ഭക്തജനങ്ങളും പങ്കെടുക്കുകയും വേണം. പ്രധാന ശ്രീകോവിലിലും ഉപദേവാലയങ്ങളിലും പുരോഹിത സ്ഥാനിയായ തന്ത്രി പ്രമുഖൻ കോക്കളം ബ്രഹ്മശ്രീ നാരായണര്കൃഷ്ണര് അവറുകളുടെ മുഖ്യകാർമ്മികത്വത്തിൽ 2004 മെയ് മാസം 2-ാം തീയതി (1179 മേടം 19) ഞായറാഴ്ച പുലർച്ചെ 7 മുതൽ 8 മണി 55 മിനിറ്റു വരെ അത്തം നക്ഷത്രം ആദ്യപാദം ഇടവം രാശി ശുഭമുഹൂർത്തത്തിൽ വിഗ്രഹപ്രതിഷ്ഠകൾ ആയിരകണക്കിന് ഭക്തജനങ്ങളുടെ സാന്നിദ്ധ്യത്തിൽ നടത്തി.

നാടിന്റെ ഭാഗധേയം നിർണ്ണയിക്കുന്നതിന് നിമിത്തമായ അർദ്ധനാരീശ്വരൻ, ഗണപതി, സുബ്രഹ്മണ്യൻ എന്നീ ദേവന്മാരുടെ പ്രതിഷ്ഠ നടന്നു കഴിഞ്ഞപ്പോൾ നാട് പ്രകാശഭാസുരമായി തീർന്നു. മന്ത്ര സിദ്ധിയാർന്ന ജപഹോമാദികളാൽ പ്രകൃതി പ്രതിഭാസങ്ങൾക്കുതന്നെ മാറ്റം സംഭവിക്കാനായി. അർദ്ധനാരീശ്വരനെന്ന ഇഷ്ടദേവന്റെ ഈശ്വരസങ്കൽപ പൂജാവിധികളും സ്ത്രോത്രങ്ങളും നിരവധിയാണ്. ശിവപഞ്ചാക്ഷരസ്ത്രോത്രം അഷ്ടോത്തരശതകം തുടങ്ങി പ്രസിദ്ധങ്ങളായ അർച്ചനാ മന്ത്രങ്ങളുണ്ട്. അർദ്ധനാരീശ്വരന്റെ ധ്യാനം ഉൾപ്പെടുന്ന സ്വയംവര പ്രാർത്ഥനാമന്ത്രം ഇവിടെ ചേർക്കുന്നു.





അജഋഷി ജഗദീച്ഛന്ദ
സ്വയം വരപാർവ്വതീദേവത
ഓംഹ്രീം യോഗിനി യോഗിനി യോഗേശ്വരി യോഗദയങ്കരി
സകലസ്ഥാവര ജംഗമസ്യ മുഖഹൃദയം മമവശം
ആകർഷയ ആകർഷയ സ്വാഹ

**അർദ്ധനാരീശ്വര മന്ത്ര ശ്ലോകം:**

ശംഭും ജഗന്മോഹന രൂപപൂർണ്ണം
വിലോക്യലജ്ജാകുലിത സ്മിതാഢ്യാം

മധുകമാലാ സ്വസഖീ കരേഭ്യം
സംബിഭ്രതീം അദ്രിസുതാം ഭജേയം

**അർദ്ധനാരീശ്വരൻ ധ്യാനം-2**

നീലപ്രവാളരുചിരം വിലസത്തിനേത്രം
പാശാരുണോത്പല കപാല ത്രിശൂലഹസ്തം
അർദ്ധാം ബികേശം അനിശം പ്രവിഭക്ത ഭൂഷം
ബാലേന്ദു ബദ്ധ മകുടം പ്രണമാമിരൂപം.

*(ആശയം)*

പകുതി നീലം പകുതി പവിഴം നിറമാണ്. മൂന്നു നേത്രങ്ങളോടുകൂടിയ സുന്ദരനാണ്. പാശം, ചെന്താമരപ്പൂവ്,കപാലം, ശൂലം എന്നിവ കയ്യിലുണ്ട്. കിരീടത്തിൽ ചന്ദ്രക്കലയുണ്ട്. പാർവ്വതി ദേവിയ്ക്കും പരമശിവനും യോജിച്ച തിരുവാ രണങ്ങളുണ്ട്. ഈ രൂപമുള്ള അർദ്ധനാരീശ്വര ഭഗവാനേ പ്രണമിക്കുന്നു.



<u>സ്വയംവര പാർവ്വീതി ധ്യാനം</u>

ബാലാർക്കായുത സത്പ്രഭാം കരതലേലോലംബമാലകുലാം

മാലാംസന്ദധീം മനോഹരതനും മന്ദസ്മിതോദ്യൻ മുഖീം

മന്ദം മന്ദമുപേയുഷീം വരയിതും ശംഭും ജഗന്മോഹിനീം

വന്ദേ ദേവ മുനീന്ദ്ര വന്ദിതപദാം ഇഷ്ടാർത്ഥദാം പാർവ്വതീ.

*(ആശയം)*

ആയിരമായിരം ഉദയസൂര്യന്മാരുടെ പ്രഭയുള്ള കരിവണ്ടുകൾ മൂളിയടുക്കുന്ന പൂമാല കയ്യിലുള്ള മനോഹരഗാത്രിയായ - മന്ദസ്മിതം തൂകുന്ന മഹേശ്വരനെ മാലയണിയിക്കാൻ മന്ദം മന്ദം നടക്കുന്ന ജഗ ന്മോഹിനി- ഇഷ്ടമായതു സാധിച്ചു നൽകുന്ന പാർവ്വതീദേവിയെ ഞാൻ വന്ദിക്കുന്നു.

<u>ശിവന്റെ മന്ത്രം (പഞ്ചാക്ഷരം)</u>

ഓം നമഃശിവായ

മന്ത്രശ്ലോകം:

ശിവം ശിവകരം ശാന്തം

ശിവാത്മാനം ശിവോത്തമം

ശിവമാർഗ്ഗ പ്രണേതാരം

പ്രണതോസ്മി സദാശിവം

അന്യഥാശരണം നാസ്തി ത്വമേവ ശരണം മമ

തസ്മാത്കാരുണ്യ ഭാവേന രക്ഷരക്ഷ മഹേശ്വര



**പാർവ്വതീധ്യാന ശ്ലോകം.**

രുദ്ര താണ്ഡവ വിലോകന ലോലാം
ഭദ്രവക്ത്ര നയനാഭ ഭവകാന്താം
അന്നദാന നിരതാം ജനനീംതാം
ചിന്തയൻ ജപതു ചിത്ര ദുകുലാം

**വ്രതങ്ങൾ**

അർദ്ധനാരീശ്വര ദേവന്റെ അനുഗ്രഹത്തിനു വേണ്ടി പഞ്ചവ്രതങ്ങൾ നിർദ്ദേശിക്കുന്നുണ്ടെങ്കിലും നടപ്പിലിരിക്കുന്നതും ആചരിക്കാവുന്നതുമായ വൃതങ്ങൾ ഇവയാണ്.

**ശിവരാത്രി** : സോമവാരവ്രതം പ്രദോഷം എന്നിവ കൂടാതെ തിരുവാതിര- ഉമാ മഹേശ്വരവ്രതം ശുലവ്രതം കല്യാണവ്രതം എന്നിവയും ആചരിക്കാവുന്നതാണ്. മാഘമാസ കറുത്തപക്ഷത്തിലെ ചതുർദശിയാണ് ശിവ രാത്രി.



ദേവദേവ മഹാദേവ . . . . നീലകണ്ഠ നമോസ്തുതേ
കർത്തും ഇഛാമ്യഹം ദേവ ശിവരാത്രിവ്രതം തവ
തവപ്രഭാവത്ദേവേശാ നിർവിഘ്ന ഭവേദിതി
കാമാദ്യാ: ശത്രവോമാംവൈപീഡാം കുർവ്വന്തു നൈവഹി:

എന്നു സങ്കല്പം ചെയതു പൂജയും ആവാം.

അർച്ചനാ സാധനാ, കൂവളത്തില
ലേപനവസ്തു- ഭസ്മം

ഓം ഗണപതി

വേദശാസ്ത്ര സംഹിത പ്രകാരം ഇടമന ക്ഷേത്രത്തിലെ നാലമ്പലത്തിനകത്തു തന്നെ അതിവിശിഷ്ടസ്ഥാനമായി നിർണ്ണയിച്ചിട്ടുള്ള കന്നിമേൽകോണിൽ, മനോഹരമായി പണി തീർത്തിട്ടുള്ള ശ്രീലകത്ത്, നിശ്ചിതമുഹൂർത്തത്തിൽ ഗണപതി ഭഗവാനെ പ്രതിഷ്ഠിച്ചു. ഭഗവാൻ ഗജാനനനാണല്ലോ തടസ്സം സൃഷ്ടിക്കുന്നതിനും, എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്യുന്നതിനും അതിശയ ശക്തിയുള്ള വിഘ്നരാജൻ എന്നു വിശിഷ്ട പദവിയും, ഐതിഹ്യപ്പെരുമയിലൂടെ സർവ്വസിദ്ധി പ്രദായകനായ ഭഗവാന് ലഭിച്ചിരിക്കുന്നു. അഹങ്കാരികളെ തിരഞ്ഞുപിടിച്ചു അവരുടെ ഹുങ്ക് ശമിപ്പിക്കാൻ ചില കുസൃതി കർമ്മങ്ങൾ യഥാസമയം നടത്തി ബോധവാന്മാരാക്കാൻ ഏകദന്തനു കഴിയും. വിദ്യയുടെ അടിസ്ഥാന തത്വം ഉൾച്ചേർന്ന ശക്തിസ്രോതസ്സിന്റെ ഉടമയാണ് ഗജവദനൻ. പിഞ്ചു കുഞ്ഞുങ്ങളെക്കൊണ്ട് അരിയിൽ ഹരിശ്രീഗണപതയെ നമഃ എന്നു എഴുതിച്ച് വിദ്യാരംഭം കുറിക്കുന്നത് അതിനാലാണ്. ഏകദന്തനെ സംബന്ധിച്ച്, അത്ഭുതവും ഫലിത സമ്മിശ്രവും ഫലശ്രുതിയും ഉൾക്കലർന്ന സംഭവ പരമ്പര തന്നെ പുരാണം പ്രഖ്യാപിക്കുന്നു. ഏതു ഗാർഹിക കർമ്മങ്ങൾക്കും ഗണപതി ഹോമവും ഗണപതി ഒരുക്കും നടത്തണമെന്ന വിശ്വാസം അഭംഗുരം നിലനിൽക്കുന്നു. ഗണപതി വിവിധ രൂപത്തിലും ഭാവത്തിലും ഉള്ള ദേവനാണെന്ന് വിഗ്രഹ ശാസ്ത്ര ഗ്രന്ഥത്തിലുണ്ട്. ഗണനാഥനായി ചെയ്യുന്ന



അനുഷ്ഠാനങ്ങളും നൈവേദ്യങ്ങളും പ്രകടനങ്ങളുമെല്ലാം ഈ ആശയത്തിന് പിൻബലം നൽകുന്നുണ്ട്.

ലളിതാസനത്തിലിരിക്കുന്ന ഗണപതി വിഗ്രഹമാണ്, കൂടുതൽ സ്ഥലത്തും കാണാൻ കഴിയുക. വ്യത്യസ്ഥമായ വിധത്തിലും വളരെ അപൂർവമായിട്ടുണ്ട്. ഗണപതിഹോമമാണ് ഭഗവാന് ഏറ്റവും പ്രിയങ്കരമായ വഴിപാട്. ഒന്നിലാരംഭിച്ച് എത്രയും കൂടുതൽ നാളീകേരവും, ശുദ്ധമായ പശുവിൻ നെയ്യും ഉൾപ്പെടെ, കരങ്ങൾ അഞ്ചുള്ള ഗണേശ്വരന്, കരിമ്പ്, തേൻ, ശർക്കര നല്ല കാദളം (കദളിപ്പഴം) ഹോമിക്കണമെന്ന്, യോഗിവാര്യന്മാർ ഉപദേശിക്കുന്നു.

അഷ്ടദ്രവ്യം ഹോമിച്ച്, നടത്തിവരുന്ന വൈവിധ്യമേറിയ കർമ്മവും നിലവിൽ ഉണ്ട്. പൊതുവേ ഹോമപ്രിയനാണ് ഭഗവാൻ. അഷ്ടദ്രവ്യങ്ങൾ നാളികേരം, ശർക്കര, തേൻ, കരിമ്പ്, കദളിപ്പഴം, എള്ള്, അപ്പം മലർ എന്നിവയാണ്. ഹോമകുണ്ഡത്തിൽ അഗ്നി ജ്വലിപ്പിക്കാൻ മേലരിക്കെട്ട് എന്ന് മാന്ത്രികനാമമുള്ള പ്ലാവിൻ കാതൽ വിറകാണ് പ്രധാനം. ചുവന്ന തെറ്റിപ്പൂവ് (കാട്ടുതെറ്റി) നാളം കളഞ്ഞ് നെയ്യിൽ മുക്കി ഹോമകുണ്ഡത്തിൽ സമർപ്പിക്കാം. പാൽപായസവും, കറുകമൂന്നെണ്ണം കൂട്ടിക്കെട്ടിയതും, മോദകവും എല്ലാം ഗണപതിയ്ക്ക് പ്രിയങ്കരമായ നിവേദ്യ സാധനങ്ങൾതന്നെ. ഓംശ്രീം ഹ്രീം ഗ്ലീം ഗ്ലൗം ഗം ഗണപതയെനമ എന്ന ധ്യാനമന്ത്രം പ്രധാനമായി കണക്കാക്കുന്നു. ഓരോ സിദ്ധിക്കും വിവിധ മന്ത്രങ്ങളും സാധനങ്ങളും വിധിച്ചി



ട്ടുണ്ട്. പ്രായോഗിക ജീവിത തടസ്സങ്ങൾ പരിഹരിക്കാനും, ഉദ്ദിഷ്ട കാര്യസിദ്ധിക്കുമായി തിരുമുമ്പിൽ തേങ്ങ അടിക്കുന്ന സമർപ്പണച്ചടങ്ങും ഉണ്ട്. അടിക്കുന്ന തേങ്ങ ഛിന്ന ഭിന്നമാവണമെന്ന് കർമ്മവിധിയിലുണ്ട്. വഴിപാടുകൾക്കെല്ലാം ഭിന്ന തത്വങ്ങളുടെ പിൻബലവും ഉണ്ട്. തിരുമുമ്പിൽ കൈകൂപ്പിയശേഷം ഏത്തമിടുന്ന പ്രകടനവും നടത്തണമെന്ന നിർദ്ദേശം നിലനിൽക്കുന്നു. വിനായക ചതുർത്ഥി എന്ന ചിങ്ങമാസത്തിലെ ചതുർത്ഥി വിശിഷ്ഠ ദിനമാണ്. മന്ത്ര ശ്ലോകങ്ങളും ധാരാളമാണ്. ചിലതു മാത്രം അടിയിൽ ചേർക്കുന്നു.

വക്രതുണ്ഡ മഹാകായ - സൂര്യകോടി സമപ്ര
നിർവണിഘ്നം കുരുമേദേവാ സർവ്വകാര്യേഷുസർവ്വഥാ

★

ഏകദന്തം മഹാകായം തപ്തകാഞ്ചനസന്നിഭം
ലംബോദരം വിശാലാക്ഷം വന്ദേഹം ഗണനായകം.

★

ഗജാനനം ഭൂതഗണാധിസേവിതം
കപിത്ഥ ജംബു ഫലസാര ക്ഷിതം
ഉമാസുതം ശോകവിനാശകാരണം
നമാമി വിഘ്നേശ്വര പാദപങ്കജം.
ഓം സുബ്രഹ്മണ്യായ നമഃ





ഓം സുബ്രഹ്മണ്യായ നമഃ

സുബ്രഹ്മണ്യസ്വാമി, ജ്യോതിർ ശാസ്ത്രത്തിന്റെ പ്രയോക്താവുകൂടിയാണ്. ഈ മഹാദേവന്റെ ഉൽപത്തിയെപ്പറ്റിയും, അവതാരത്തിനാധാരമായ സംഭവഗതികളെപ്പറ്റിയും സ്കന്ദപുരാണത്തിൽ വിശദീകരിച്ചിട്ടുണ്ട്. സ്വാമി അവതരിച്ചത് താരകാസുര നിഗ്രഹത്തിനുവേണ്ടിയാണ്. താരകാസുര സംഹാരിണേനമഃ പാർവ്വതീസുതായ നമഃഗംഗാസുതായ നമഃ പാവകാത്മജായ നമഃ തുടങ്ങി മുരുക സ്വാമിയുടെ അഷ്ടോത്തര മന്ത്രങ്ങളിലെ ഓരോന്നിനും അടിസ്ഥാനപരമായ കർമ്മസംഭവങ്ങളും പുരാണത്തിൽ വിശദമാക്കിയിരിക്കുന്നു. "അറുപറൈവീടുടയവൻ അറുമുഖൻ" എന്നാണ് സങ്കൽപം. ഷഡാധാരങ്ങളുടെ പ്രതീകമായിട്ടാണ് മുരുകനെ തമിഴ്നാടിന്റെ ദേശദൈവമായി അംഗീകരിച്ചിരിക്കുന്നു. ഇടമന മഠത്തിന്, പഴക്കം ഏറെയുള്ള പെരുന്ന സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിന്റെ ഊരാണ്മാവകാശം ഇപ്പോഴും നിലവിലുണ്ട്. അത് പരിഗണനയിൽ എടുത്താവാം പട്ടാഴിയിലെ ഇടമനസ്ഥാനത്ത് സാന്നിദ്ധ്യവും സ്വാമി പൂജയും ഉണ്ടായിരുന്നതെന്ന് ദേവപ്രശ്നത്തിൽ തെളിഞ്ഞതത്. നാലമ്പലത്തിനകത്ത് വടക്കു പടിഞ്ഞാറെ ഭാഗമാണ് പലസ്ഥലത്തും മുരുകന് ഉപദേവസ്ഥാനം. ഇടമനക്ഷേത്രത്തിലും ഇ സ്ഥാനമാണ്.

മുരുക സന്നിധിയിൽ ഷഷ്ഠിദിനത്തിന് മഹത്വം കല്പിച്ചിരിക്കുന്നു. ഷഷ്ഠിവ്രതം അനുഷ്ടിച്ച് തുടർന്നുള്ള ആചാര നടപടികളുമായി ബന്ധപ്പെടുന്നതിന് ഇടമനക്കാവിൽ ധാരാളം  ഭക്തജനങ്ങൾ ആണ് എത്തിക്കൊണ്ടിരിക്കുന്നത്. ഷഷ്ഠിനാളിൽ, സവിശേഷജപഹോമാദികളാൽ, ക്ഷേത്രാന്തരീക്ഷം പാവന ധന്യത കൈവരിക്കുന്നു. ഷഷ്ഠിവ്രതത്തിന്റെ ആഗമനത്തെപ്പറ്റി, പുരാണത്താളുകളിൽ വിവരിക്കുന്ന കാരണം ചുരുക്കിപ്പറയാം.

ശൂരപത്മാസുരനും, സുബ്രഹ്മണ്യനുമായി, ദേവനന്മക്കായി അതിഘോരമായ യുദ്ധം നടന്നു. യുദ്ധസന്ദർഭത്തിൽ അസുരൻ തന്റെ മായാശക്തികൊണ്ട് തന്നെയും ഷൺമുഖനേയും മറച്ചു മാതാവായ പാർവ്വതീ ദേവിയ്ക്കു തന്റെ മകനെ കാണാൻ കഴിയാതെ വന്നപ്പോൾ ദു:ഖമുണ്ടായി. ശ്രീപാർവ്വതിയും ദേവഗണങ്ങളും ചേർന്ന്, അന്നപാനാദികൾ വെടിഞ്ഞു ഈശ്വര നാമം ജപിച്ചു വ്രതം അനുഷ്ഠിച്ചു. തുലാമാസത്തിലെ ഷഷ്ഠിദിനത്തിൽ മുരുകസ്വാമി ശത്രുപത്മനെ നിഗ്രഹിച്ചശേഷം അമ്മയുടെ സന്നിധിയിലെത്തി. അമ്മക്കും മറ്റുള്ളവർക്കും സന്തുഷ്ടിയുണ്ടായി. അന്നു മുതൽ ശത്രുസംഹാരത്തിനായി ദേവകൾ ഉൾപ്പെടെ എല്ലാവരും നട്ടുച്ച സമയം വരെ അന്നപാനാദികൾ വെടിഞ്ഞ് ഈശ്വരനാമം ജപിച്ച് വ്രതമനുഷ്ഠിച്ച് തുലാമാസത്തിലെ ഷഷ്ഠി ദിനത്തിൽ മുരുകസ്വാമി ശൂരപത്മനെ നിഗ്രഹിച്ച ശേഷം





അമ്മയുടെ സന്നിധിലെത്തി. അമ്മയ്ക്കും മറ്റുള്ള വർക്കും സന്തുഷ്ടി ഉണ്ടായി. അന്നുമുതൽ ശത്രു സംഹരത്തിനായി ദേവകൾ ഉൾപ്പെടെ എല്ലാവും നട്ടുച്ച സമയം വരെ അന്നപാനാദികൾ വെടിഞ്ഞ് അനുഷ്ഠാ നകർമ്മികളാവുകയും അതിനുശേഷം ആഹാരദികൾ കഴിച്ച് ആശ്വാസ തൃപ്തരാവുകയും ചെയ്തു. സൂര്യ ഉദയത്തിനുശേഷം ആറുനാഴിക ഷഷ്ഠിയുള്ള ശുദ്ദ സമ യമാണ് വ്രതം ആരംഭിക്കേണ്ടത്. വെളുത്തപക്ഷത്തിലെ പഞ്ചമി നാളിൽ ഒരുനേരം ഭക്ഷണം കഴിച്ച് സേവാ നിരതരാവുകയും, അടുത്ത ദിവസം ഷഷ്ഠി നാളിൽ മുൻപറഞ്ഞ സമയംവരെ മുരുകദേവാലയങ്ങളിൽ എത്തി മന്ത്ര കർമ്മങ്ങൾക്കു പങ്കാളികാളവുകയും ചെയ്യണമെന്നാണ് വിധി നിർദ്ദേശം. സന്താനസൗഖ്യം, സർപ്പദോഷശാന്തി, ത്വക് രോഗ നിവാരണം, ശത്രുദോഷ ശമനം, മന:സമ്മാധാനം എന്നിവയാണ് ഫലശ്രുതിയിൽ പ്രഖ്യാപിക്കുന്നത്. ജാതകത്തിൽ ചൊവ്വ ഓജോ രാശി യിൽ നിൽക്കുന്നവർ സുഹ്രബ്രഹ്മണ്യ സന്നിധിയിൽ തന്നെ കഴിച്ചു വ്രതം പുഷ്ടിപ്രദമാക്കണമെന്ന് നിർദ്ദേ ശമുണ്ട്. പാൽപായസം, ശർക്കരപായസം, വെള്ള നിവേദ്യം, അലംമോദകം, പശുവിൻപാൽ, ഇളനീർ, പാനകം, കുരുമുളക് എന്നിവ വഴിപാടായി സമർപ്പിക്കുന്നത് ഫലപ്രദമാണ്. ജന്മനാള്, ഷഷ്ഠി, പൂയ്യം എന്നീ നാളുകളിൽ ക്ഷേത്രദർശനം നടത്തണം. വില്വം, മല്ലിക, ചമ്പകം, ചെമ്പരത്തി, അലരി, ചെത്തി ഇങ്ങനെ ആറു പുഷ്പങ്ങളാൽ കുമാരസുക്താർച്ചന നടത്താം.

ഓം വചൽ  ഭുവേനമ ഓം ഷൺമുഖായനമ;

## ധ്യാനശ്ലോകങ്ങൾ

**ഷഡാനനം കുങ്കുമരക്തവർണ്ണം**

**മഹാമതിം ദിവ്യമയൂരവാഹനം**

**രുദ്രസ്യസൂനം സുരസൈന്യനാഥം ഗുഹം സദാഹം**

**ശരണം പ്രപദ്യേ**

**സ്പുരൻ മകുട പത്രവിഷൂഷിതം ചമ്പക**

**സ്രജാകലിത കണ്ഠരം കരയുഗേനശക്തിനപവിം**

**ദ്ധനമഥവാ കടിംകലിതവാമഹ  സ്തേഷ്ടദം**

**ഗുഹം ഘുസ്രുണഭാസുരം സ്മരതു പീതവാസോവർത്ഥം.**

## വഴിപാടുകൾ

ഭക്തജങ്ങൾക്ക് തങ്ങളുടെ ജിവിതസമാധാനത്തിനും അഭിഷ്ടകാര്യസിദ്ധിക്കും ഐശ്വര്യത്തിനുമായി ഇഷ്ട ദൈവത്തിന് സമർപ്പിച്ചുവരുന്ന ഉപകാരമാണ് വഴിപാടുകൾ. ആരാധനാനിഷ്ഠാ ത്യാഗം എന്നൊക്കെ വഴിപാടിനെ നിർവ്വചിക്കാവുതാണ്. വിപുലമായ വേദനിർവചനങ്ങളും ഈ ഈശ്വര സമർപ്പണത്തിന് പിൻബലമായി നിലവിലുണ്ട്. ഭക്തൻ തന്റെ ഈശ്വര പൂജയുടെ ഭാഗമായി സമർപ്പിക്കുന്ന സത്കർമ്മം, കർമ്മസാക്ഷിയായ ക്ഷേത്രം ശാന്തി ദേവങ്കൽ സമർപ്പിക്കുന്നു. സാധകന്റെ മനസ്സ് വഴിപാടു നടക്കുന്ന സന്ദർഭത്തിൽ ദേവനിൽതന്നെ കേന്ദ്രീകരിച്ചിരിക്കണം. ചില സുപ്രധാനവഴിപാടുകളെപ്പറ്റി വളരെ ചുരുക്കി രേഖപ്പെടുത്തുകയാണ്.





## അർച്ചന

ക്ഷേത്രത്തിലെ സങ്കല്പ ദേവതയ്ക്കു പൂജാ പുഷ്പങ്ങൾ അർച്ചന ചെയ്തു മന്ത്രം ജപിച്ചു നടത്തുന്ന വഴിപാടാണ് അർച്ചന. അഷ്ടോത്തരം (108 മന്ത്രം) ത്രിശതി (308) സഹസ്രനാമം (1108) എന്നിവയാണ് പ്രധാനമായി നടന്നുവരുന്നത്. കൂടാതെ ശ്രീസൂക്തം,ഭാര്യസൂക്തം, പുരുക്ഷസൂക്തം ഐകമത്യസൂക്തം തുടങ്ങിയ വേദപരങ്ങളായ സൂക്തങ്ങളും സുകൃതദായകങ്ങൾ തന്നെ. അർച്ചന കൾക്ക് ദിവ്യസാമഗ്രിയായി, ഓരോ ദേവനും വ്യത്യസ്ഥതയും സവിശേഷതയും ഉള്ള പൂജാ പുഷ്പങ്ങളും നിർണ്ണയിച്ചിട്ടുണ്ട്. അഭിഷേകം മുഴുക്കാപ്പ്, നിവേദ്യം (പായസം, വെള്ളപാൽപായസം, അപ്പം ആദിയായവ) ഗണപതിഹോമം, തുലാഭാരം, കറുകഹോമം, മൃത്യുഞ്ജഹോമം തുടങ്ങി വിവിധ വഴിപാടുകൾ ദേവാലയങ്ങളിൽ നടക്കുന്നുണ്ട്. സാധാരണ നടപ്പിലുള്ള വഴിപാടുകളാണിവ.

| | | |
|---|---|---|
| സ്വയംവരാർച്ചന | - | മംഗല്യസിദ്ധിക്ക് |
| ഭഗവതിസേവ | - | ദുരിതനിവാരണത്തിന് |
| ധാര | - | രോഗശാന്തിക്ക്, മനോരോഗനിവാരണത്തിന് |
| അന്നദാനം | - | ദാരിദ്ര ദു:ഖശമനം |
| ത്രിമധുരം | - | അറിവുണ്ടാകുന്നതിന് |

വിളക്ക് - മനസ്സിന്റെ മാലിന്യം നീങ്ങി വെളിച്ചം ഉണ്ടാകാൻ

നെയ് വിളക്ക് - നേത്രരോഗങ്ങൾക്ക്

കൂടുതലായി വിവരിക്കുന്നില്ല.

## ഇടമനക്കാവിലെ പ്രധാനവഴിപാടുകൾ

1. ഗണപതി ഹോമം
2. ഉദായാസ്തമന പൂജ
3. മൃത്യുജ്ഞയഹോമം
4. മൃത്യുജ്ഞയാർച്ചന
5. സ്വയംവരാർച്ചന
6. ഭാഗ്യസൂക്താർച്ചന
7. വിദ്യാസൂക്താർച്ചന
8. മംഗല്യസൂക്താർച്ചന
9. കുടുംബാർച്ചന
10. ശത്രുസംഹാരാർച്ചന
11. സന്താനഗോപാലാർച്ചന
12. അഷ്ടദ്രവ്യഗണപതിഹോമം
13. ഉമാമഹേശ്വര പൂജ
14. ഐകമത്യസൂക്തം
15. നാഗാർച്ചന
16. നൂറുംപാലും
17. മുഴുക്കാപ്പ്
18. മുഖം ചാർത്ത്
19. വെള്ളനിവേദ്യം
20. പായസം
21. പാൽപായസം





22. ഭഗവതിസേവ

23. ത്രിമധുരം

24. ഉണ്ണിയപ്പം

25. ഇടിച്ച് പിഴിഞ്ഞ് പായസം

26. കറുകഹോമം

27. ഉരളികമഴ്ത്ത് (ഉരളികൂടാതെ)

28. പിതൃപൂജ

29. കരിക്കഭിഷേകം

30. പഞ്ചാമൃതം

മൃത്യുഞ്ജഹോമവും, മൃത്യുഞ്ജയാർച്ചനയും സവിശേഷതയും സത്ഫലദായകവുമായ ഒരു മാന്ത്രിക വഴിപാട് കർമ്മമാണ് വളരെക്കൂടുതൽ താന്ത്രിക കർമ്മങ്ങളും അതുപോലെ ഹോമസാമഗ്രഹികളും ഈ വിശിഷ്ട വഴിപാടിന് ആവശ്യമായി വിധിനിർണ്ണയം നടത്തിയിട്ടുണ്ട്. മൃത്യുഞ്ജയമന്ത്രം ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു.

ഓം ത്ര്യം ബകം യജാമഹേ
സുഗന്ധിം പുഷ്ടി വർദ്ധനം
ഉർവാരകമിവ ബന്ധനാൽ
മൃത്യോർമ്മുക്തഷിയമാമൃതാൽ

ദശാസന്ധികളിൽ ഉണ്ടായേക്കാവുന്ന ആയുർ ദോഷത്തിനായും , ബാധഉപദ്രവം ഉന്മാദം ശരീരം ചുട്ടുനീറ്റൽ, മോഹാലസ്യം എന്നിവയുടെ ശമനത്തിനും ഈ മന്ത്രം അത്യുത്തമമെന്നു വിശ്വസിക്കുന്നു. ●

– ശുഭം –